സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്വേഷണം പ്രമദിതവ്യം
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ജൂൺ 26 തിങ്കൾ    ptnizar@rediffmail.com    9037319971    www.peoplesreview.co.in

PUBLISHED FROM KOZHIKODE    email: peoplesreviewdaily@gmail.com    Ph. 0495 2769086, 9037319971    P.B. NO. 15    വില: 2 രൂപ

# ഹിമാചൽ പ്രദേശിൽ മേഘവിസ്ഫോടനം

# കനത്ത മഴയും മണ്ണിടിച്ചിലും, 200ലധികം ആളുകൾ കുടുങ്ങിക്കിടക്കുന്നു



മണ്ഡി: ഹിമാചൽ പ്രദേശിൽ വീണ്ടും മേഘവിസ്ഫോടനം. കുളു, മണാലി, മാണ്ഡി മേഖലകളിൽ കനത്ത മഴയിലും മണ്ണിടിച്ചിലും. കനത്ത മഴയേയും വെള്ളപ്പൊക്കത്തേയും തുടർന്ന് മാണ്ഡി-കുള്ളു ദേശീയപാത ഉൾപ്പെടെയുള്ള റോഡുകളിലൂടെയുള്ള ഗതാഗതം തടസപ്പെട്ടു. അപ്രതീക്ഷിതമായുണ്ടായ പ്രളയത്തിൽ 200 ലധികം പ്രദേശവാസികളും വിനോദ സഞ്ചാരികളും കുടുങ്ങികിടക്കുകയാണ്. ഇവരെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റാനുള്ള ശ്രമം നടന്നുവരികയാണെന്നും പോലിസ് അറിയിച്ചു.

മാണ്ഡി ജില്ലയിൽ വെള്ളപ്പൊക്കമുണ്ടായതിനെ തുടർന്ന് പ്രധാന ഹൈവേകളും അടച്ചു. മാണ്ഡി ജില്ലയിലെ ബാഗിപുർ പ്രദേശത്ത് പ്രഷാർ തടാകത്തിന് സമീപം വിനോദ സഞ്ചാരികളും നാട്ടുകാരും ഉൾപ്പെട്ട 200 ലധികമാളുകൾ കുടുങ്ങിക്കിടക്കുകയാണെന്നായിരുന്നു മാണ്ഡി ജില്ലാ പോലിസ് ഡി.എസ്.പി സജ്ഞീവ് സൂദിനെ ഉദ്ധരിച്ച് വാർത്താ ഏജൻസിയായ എ.എൻ.ഐ റിപ്പോർട്ട് ചെയ്തത്. ഈ ഹൈവേകളിലൂടെ സഞ്ചരിക്കുന്ന പൊതുജനങ്ങളും വിനോദ സഞ്ചാരികളും മലനിരകളോട് ചേർന്നുള്ള റോഡുകളിൽ നിൽക്കരുതെന്ന് നിർദേശം നൽകിയിട്ടുണ്ട്. ഉരുൾപ്പൊട്ടലും മണ്ണിടിച്ചിൽ സാധ്യതയും മുൻ നിർത്തിയാണ് നിർദേശം. തുടർച്ചയായി പെയ്ത മഴയിൽ ബിയാസ് നദിയിലും ജലനിരപ്പ് ഉയർന്നിട്ടുണ്ട്. മേഘവിസ്ഫോടനത്തിനു ശേഷം ഷിംല ഉൾപ്പെടെയുള്ള പ്രദേശങ്ങളിലും കനത്ത മഴ പെയ്തു. അടുത്ത 24 മണിക്കൂറിനുള്ളിൽ ഹിമാചൽ പ്രദേശിൽ വെള്ളപ്പൊക്ക സാധ്യതയും അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴ മുന്നറിയിപ്പും കാലാവസ്ഥ വകുപ്പ് പുറപ്പെടുവിച്ചു. ഉത്തരാഖണ്ഡിൽ കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ കേദാർനാഥ് തീർഥാടന യാത്ര നിർത്തിവച്ചു. കഴിഞ്ഞ ഒരാഴ്ച്ക്കാലമായി ഉത്തരേന്ത്യയിൽ തുടരുന്ന മഴയിൽ വലഞ്ഞിരിക്കുകയാണ് ജനം. ഇത്തവണ ഡൽഹിയിലും മുംബൈയിലും ഒരുമിച്ചാണ് കാലവർഷമെത്തിയത്. ഡൽഹിയിൽ കനത്ത മഴയും ഇടിമിന്നലും ഉണ്ടായേക്കാമെന്നാണ് കാലാവസ്ഥ വകുപ്പ് അറിയിച്ചത്. ഗുരുഗ്രാം നോയിഡ, ഗാസിയാബാദ്, എന്നിവിടങ്ങളിലും കനത്ത മഴയാണ് രേഖപ്പെടുത്തിയത്.

ഹിമാചൽ പ്രദേശിൽ മേഘവിസ്ഫോടനത്തെ തുടർന്നുണ്ടായ മിന്നൽപ്രളയത്തിൽ കുടങ്ങിക്കിടക്കുന്ന വാഹനങ്ങൾ

## നിഖിലിന്റെ വ്യാജ ഡിഗ്രി സർട്ടിഫിക്കറ്റ് കണ്ടെടുത്തു; കിട്ടിയത് വീട്ടിൽ നടത്തിയ റെയ്ഡിൽനിന്ന്



ആലപ്പുഴ: മുൻ എസ്.എഫ്ഐ നേതാവ് നിഖിൽ തോമസിന്റെ വ്യാജ ബിരുദ സർട്ടിഫിക്കറ്റ് കണ്ടെത്തി പോലിസ്. നിഖിലിന്റെ കായംകുളത്തെ വീട്ടിൽ നടത്തിയ പരിശോധനയിലാണ് സർട്ടിഫിക്കറ്റ് കണ്ടെടുത്തത്. ബികോം ഫസ്റ്റ് ക്ലാസിൽ പാസായെന്ന കലിംഗ യൂണിവേഴ്സിറ്റിയുടെ പേരിലുള്ള വ്യാജ മാർക്ക് ലിസ്റ്റും സർട്ടിഫിക്കറ്റുമാണ് കണ്ടെത്തിയിട്ടുള്ളത്. പണമിടപാട് രേഖകളും പോലിസ് കണ്ടെടുത്തിട്ടുണ്ട്. വ്യാജ സർട്ടിഫിക്കറ്റ് തയ്യാറാക്കി നൽകിയ കൊച്ചിയിലെ സ്ഥാപനത്തിൽ പോലിസ് പരിശോധന നടത്തും. കായംകുളം എം.എസ്.എം കോളേജിൽ ബിരുദ വിദ്യാർഥിയായിരുന്ന നിഖിൽ തോമസ് പരീക്ഷ പാസാകാതെ കലിംഗ സർവകലാശാലയുടെ വ്യാജ ഡിഗ്രി സർട്ടിഫിക്കറ്റുമായി ഇതേ കോളേജിൽ എംകോമിന് ചേർന്നതാണ് വിവാദത്തിന് വഴിവച്ചത്. വിവാദമായതോടെ എം.എസ്.എം കോളേജ് നൽകിയ പരാതിയിലാണ് കായംകുളം പോലിസ് നിഖിൽ തോമസിനെതിരേ കേസെടുത്തത്.

സി.പി.എം ജില്ലാ കമ്മിറ്റി ഡിഗ്രി ഹാജരാക്കാൻ ആവശ്യപ്പെട്ടപ്പോൾ തുല്യതാ സർട്ടിഫിക്കറ്റ് മാത്രമാണ് നിഖിൽ കൊടുത്തത്. യഥാർഥ സർട്ടിഫിക്കറ്റ് സർവകലാശാലയുടെ പക്കലാണെന്നായിരുന്നു നിഖിൽ പറഞ്ഞത്. അതേ സമയം, വ്യാജരേഖ ചമച്ച കൊച്ചിയിലെ സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസിയായ ഓറിയോൺ ഏജൻസിയിൽ ഇന്ന് തെളിവെടുപ്പ് നടത്തിയേക്കും. മുൻ എസ്.എഫ്.ഐ നേതാവായ അബിൻ സി. രാജ് കൊച്ചിയിലെ ഒറിയോൺ ഏജൻസി വഴി രണ്ടു ലക്ഷം രൂപയ്ക്കാണ് തനിക്ക് കലിംഗ സർവകലാശാലയുടെ വ്യാജ സർട്ടിഫിക്കറ്റ് സംഘടിപ്പിച്ച് നൽകിയെന്നാണ് നിഖിലിന്റെ മൊഴി. ഇതിന്റെ അടിസ്ഥാനത്തിൽ അബിനെയും പോലിസ് പ്രതിയാക്കിയിട്ടുണ്ട്. വ്യാജ സർട്ടിഫിക്കറ്റ് കേസിൽ ഒളിവിലായിരുന്ന നിഖിൽ തോമസ് ശനിയാഴ്ചയാണ് അറസ്റ്റിലായത്. തന്റെ സുഹൃത്താണ് സർട്ടിഫിക്കറ്റ് നൽകിയതെന്നാണ് നിഖിൽ നൽകിയ മൊഴി. ഒറിജിനൽ സർട്ടിഫിക്കറ്റാണെന്ന് സുഹൃത്ത് ഉറപ്പ് പറഞ്ഞെന്നും, അതുകൊണ്ടാണ് എം കോമിന് അപേക്ഷിക്കാൻ അത് ഉപയോഗിച്ചതെന്നും നിഖിൽ പോലിസിന് മൊഴി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മാലിദ്വീപിലുള്ള നിഖിലിന്റെ സുഹൃത്തും മുൻ എസ്.എഫ്.ഐ നേതാവുമായ അബിൻ സി. രാജിനെ നാട്ടിലെത്തിക്കാനുള്ള ശ്രമത്തിലാണ് പോലിസ്.

# ഇനി നിയമത്തിന്റെ വഴിയിൽ; സമരം അവസാനിപ്പിച്ച് ഗുസ്തി താരങ്ങൾ



ന്യൂഡൽഹി: ബി.ജെ.പി എം.പിയും ദേശീയ ഗുസ്തി ഫെഡറേഷൻ അധ്യക്ഷനുമായ ബ്രിജ് ഭൂഷൺ ശരൺ സിങ്ങിനെതിരായ സമരം അവസാനിപ്പിച്ചതായി ഗുസ്തി താരങ്ങൾ. പോരാട്ടം നിയമത്തിന്റെ വഴിയിലൂടെ തുടരുമെന്നും താരങ്ങൾ വ്യക്തമാക്കി. സമരം അവസാനിപ്പിക്കുന്നതായി സാക്ഷി മാലിക്കാണ് ടിറ്ററിലൂടെ അറിയിച്ചത്. ഒപ്പം വിനേഷ് ഫോഗട്ട്, സാക്ഷി മാലിക്, ബജ്രംഗ് പുനിയ എന്നിവരും ടീറ്റ് ചെയ്തു. ബ്രിജ് ഭൂഷണിനെതിരേ കുറ്റപത്രം സമർപ്പിക്കുമെന്ന വാഗ്ദാനം സർക്കാർ പാലിച്ചതായും അതിനാൽ സമരം ഇനി റോഡിൽ ആയിരിക്കില്ലെന്നും കോടതിയിലായിരിക്കുമെന്നുമാണ് താരങ്ങൾ പറഞ്ഞത്. 'ജൂൺ ഏഴിന് നടന്ന ചർച്ചകൾ പ്രകാരം സർക്കാർ ഞങ്ങളുടെ ആവശ്യങ്ങൾ നടപ്പിലാക്കി. ആറ് വനിതാ ഗുസ്തി താരങ്ങൾ സമർപ്പിച്ച എഫ്.ഐ.ആറിന്റെ അടിസ്ഥാനത്തിൽ ലൈംഗികാതിക്രമ ആരോപണങ്ങളിൽ അന്വേഷണം നടത്തുകയും ജൂൺ 15ന് ഡൽഹി പോലിസ്, കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തു. ഇനി നീതി ലഭിക്കുന്നത് വരെ പോരാട്ടം കോടതിയിൽ തുടരും, റോഡിലാകില്ല. ഗുസ്തി ഫെഡറേഷൻ തിരഞ്ഞെടുപ്പിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. സർക്കാർ പറഞ്ഞതനുസരിച്ച് ജൂലൈ 11ന് തെരഞ്ഞെടുപ്പ് നടത്താനാണ് തീരുമാനം. വാഗ്ദാനം നടപ്പിലാക്കുന്നതിനായി ഞങ്ങൾ കാത്തിരിക്കും' ടീറ്റിൽ പറയുന്നു. സോഷ്യൽ മീഡിയയിൽ നിന്ന് തൽക്കാലം ഇടവേള എടുക്കുന്നതായി സാക്ഷി മാലിക്കും, വിനേഷ് ഫോഗട്ടും വ്യക്തമാക്കി. ദേശീയ ഗുസ്തി ഫെഡറേഷൻ അധ്യക്ഷൻ ബ്രിജ് ഭൂഷൺ ശരൺ സിങ്ങിനെതിരെ അന്വേഷണം പൂർത്തിയാക്കാൻ കേന്ദ്രത്തിന് ജൂൺ 15 വരെ ഗുസ്തി താരങ്ങൾ സമയം നൽകിയിരുന്നു. അതുവരെ സമരം നിർത്തിവച്ചിരിക്കുകയായിരുന്നു. ബ്രിജ് ഭൂഷൺ ശരൺ സിങ്ങിനെയും കുടുംബത്തെയും ഒഴിവാക്കി ഗുസ്തി ഫെഡറേഷനിലേക്ക് സ്വതന്ത്രതെരഞ്ഞെടുപ്പ് നടത്താമെന്നും കേന്ദ്രം ഗുസ്തി താരങ്ങൾക്ക് ഉറപ്പ് നൽകിയിരുന്നു.

## പട്ടാപ്പകൽ തോക്കുചൂണ്ടി കാർ യാത്രികരിൽനിന്ന് രണ്ട് ലക്ഷം കവർന്നു



ബൈക്കിലെത്തിയ നാലംഗസംഘം തോക്കുചൂണ്ടി കാർ യാത്രികരിൽ നിന്ന് പണം കവരുന്നതിന്റെ ദൃശ്യം

ന്യൂഡൽഹി: ഡൽഹിയിൽ പട്ടാപ്പകൽ സിനിമയെ വെല്ലും വിധത്തിൽ തോക്കുചൂണ്ടി രണ്ടുലക്ഷത്തോളം രൂപ കവർന്നു. കാറിൽ പോവുകയായിരുന്ന ഡെലിവറി ഏജന്റിനേയും സഹപ്രവർത്തകനേയും തടഞ്ഞുനിർത്തിയാണ് ബൈക്കിലെത്തിയ നാലംഗ സംഘം കവർച്ച നടത്തിയത്. ഓൺലൈൻ ടാക്സിയായ ഒല കാബിൽ ഗുഡ്ഗാവിലേക്കുള്ള യാത്രാമധ്യേ തടഞ്ഞുനിർത്തിയായിരുന്നു കവർച്ച. ഡെലിവറി ഏജന്റ് പട്ടേൽ സാജൻ കുമാർ സഹപ്രവർത്തകനായ ജിഗർ പട്ടേൽ എന്നിവരിൽ നിന്നാണ് പണം അപഹരിച്ചത്. ചാന്ദ്നി ചൗക്കിലെ സ്വകാര്യസ്ഥാപനത്തിലെ ജീവനക്കാരനാണ് ഇയാൾ. ഇതിന്റെ വീഡിയോ ദൃശ്യങ്ങൾ പോലിസിന് ലഭിച്ചു. പ്രഗതി മൈതാനം തുരങ്കത്തിനുള്ളിൽ റിങ് റോഡ് ടണലിൽ കയറിയപ്പോൾ മുതൽ രണ്ടുബൈക്കിലായി നാലുപേർ ഇവരെ പിന്തുടർന്നിരുന്നു. തുരങ്കത്തിലെ വളവിൽവെച്ച് ബൈക്കുകൾ വട്ടംനിർത്തിയാണ് കാർ തടഞ്ഞത്. ബൈക്കിന്റെ പിന്നിലുണ്ടായിരുന്നവർ ഇറങ്ങി ഡ്രൈവർക്കും കൂടെയുണ്ടായിരുന്നയാൾക്കും നേരെ തോക്കുചൂണ്ടുന്നതും വീഡിയോ ദൃശ്യങ്ങളിൽ കാണാം. ഓരാൾ ഡ്രൈവർക്ക് നേരെ തോക്ക് ചൂണ്ടി ഭീഷണിപ്പെടുത്തിയപ്പോൾ മറ്റൊരാൾ കാറിന്റെ പിറകിലെ സീറ്റിൽനിന്ന് പണം അപഹരിക്കുകയായിരുന്നു. തുടർന്ന് നാലുപേരും ബൈക്കിൽ കടന്നുകളയുകയായിരുന്നു. ഞായറാഴ്ച ഉച്ചയ്ക്ക് ശേഷം മൂന്നിനും നാലിനും ഇടയിലായിരുന്നു സംഭവം. നോയിഡയിലേക്ക് പോകുന്ന ഭാഗത്തേക്കാണ് പണം കവർന്നവർ ബൈക്ക് ഓടിച്ചുപോയത്. സംഭവത്തിൽ അന്വേഷണം തുടരുകയാണ്. ഒന്നര കിലോമീറ്റർ ദൂരമുള്ള തുരങ്കത്തിൽ 16 സുരക്ഷാഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്.

## വീട്ടമ്മമാർക്ക് മാസശമ്പളം 1000 രൂപ; തമിഴ്നാട്ടിൽ സെപ്റ്റംബർ 15 മുതൽ നടപ്പാക്കും



ചെന്നൈ: തമിഴ്നാട്ടിൽ സെപ്റ്റംബർ മുതൽ വീട്ടമ്മമാർക്ക് എല്ലാ മാസവും 1000 രൂപ ശമ്പളം നൽകും. സെപ്റ്റംബർ 15 മുതൽ ശമ്പളവിതരണം നടപ്പാക്കാനാണ് തീരുമാനം. റേഷൻ കാർഡിൽ പേരുള്ള, മറ്റു വരുമാനങ്ങൾ ഒന്നും ഇല്ലാത്തവർക്കാണ് വേതനം നൽകുക. ശമ്പളം നൽകുന്നതിന് ഇന്നത്തെ മന്ത്രിസഭാ യോഗത്തിൽ തീരുമാനമായി. ജനകീയ തീരുമാനങ്ങളുമായിട്ടായിരുന്നു രണ്ട് വർഷം മുമ്പ് സ്റ്റാലിന്റെ ഭരണത്തുടക്കം. സ്ത്രീകൾക്ക് ബസിൽ സൗജന്യ യാത്ര, പാൽ വില കുറയ്ക്കൽ, ദളിതർക്കും ട്രാൻസ്ജെൻഡറുകൾക്കുമായി ക്ഷേമപദ്ധതികൾ, വീട്ടമ്മമാർക്ക് ശമ്പളം തുടങ്ങിയ പ്രഖ്യാപനങ്ങളെല്ലാം ഡി.എം.കെ നിയമസഭാ തെരഞ്ഞെടുപ്പ് വേളയിൽ നടത്തിയിരുന്നു. ഇതിൽ പലതും അധികാരത്തിലേറിയതിന് പിന്നാലെ സ്റ്റാലിൻ നടപ്പിലാക്കിത്തുടങ്ങി. സ്കൂൾ വിദ്യാർഥികൾക്കുള്ള പ്രഭാത ഭക്ഷണ പരിപാടിയും വീട്ടമ്മമാർക്ക് ഗാർഹിക ജോലികൾക്ക് ശമ്പളം നൽകാനുള്ള പദ്ധതിയുമാണ് ഇതിൽ കൂടുതലായി സ്വീകരിക്കപ്പെട്ടത്. ഡി.എം.കെ സർക്കാർ മൂന്നാം വർഷം പിന്നിട്ട വേളയിലാണ് വീട്ടമ്മമാർക്കുള്ള ശമ്പളമെന്ന വാഗ്ദാനം സ്റ്റാലിൻ നടപ്പിലാക്കുന്നത്.

# കേരളത്തിൽ നാളെ മഴ ശക്തമാകും; എട്ട് ജില്ലകളിൽ യെല്ലോ അലർട്ടും ഒരു ജില്ലയിൽ ഓറഞ്ച് അലർട്ടും



തിരുവനന്തപുരം: സംസ്ഥാനത്ത് മഴ നാളെ മുതൽ ശക്തമാകും. എട്ട് ജില്ലകളിൽ യെല്ലോ അലർട്ടും ഒരു ജില്ലയിൽ ഓറഞ്ച് അലർട്ടുമാണ് മുന്നറിയിപ്പ് നൽകിയിട്ടുള്ളത്. ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴയെ കരുതിയിരിക്കണം. ഇന്നും പരക്കെ മഴ സാധ്യതയുണ്ട്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് തുടരുകയാണ്. വടക്കൻ ഒഡീഷയ്ക്ക് മുകളിലായി സ്ഥിതിചെയ്യുന്ന ന്യൂനമർദ്ദത്തിന്റെ സ്വാധീനഫലമായാണ് ഈ ദിവസങ്ങളിൽ മഴ ശക്തമാകുന്നത്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലാണ് നാളെ യെല്ലോ അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്. ഇടുക്കിയിലാണ് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്.കേരളത്തിൽ അടുത്ത അഞ്ച് ദിവസം വ്യാപകമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വിഭാഗവും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇന്നും നാളെയും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും. ജൂൺ 27 ഒറ്റപ്പെട്ട സ്ഥലങ്ങളിൽ അതിശക്തമായ മഴയ്ക്കും സാധ്യതയുണ്ടെന്നാണ് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിക്കുന്നത്. വടക്ക്-പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ, വടക്കൻ ഒഡിഷ-പശ്ചിമ ബംഗാൾ തീരത്തിനു സമീപം രൂപപ്പെട്ട ന്യൂനമർദ്ദം നിലവിൽ വടക്കൻ ഒഡിഷയ്ക്ക് മുകളിലായാണ് സ്ഥിതി ചെയ്യുന്നത്. ഇത് അടുത്ത രണ്ടു ദിവസം ജാർഖണ്ഡ്, ഛത്തീസ്ഖണ്ഡ് വഴി വടക്കൻ മധ്യപ്രദേശിലേക്ക് നീങ്ങാൻ സാധ്യതയുണ്ട്.

# കെ.സുധാകരന്റെ സാമ്പത്തിക കാര്യങ്ങളിൽ അന്വേഷണം; ഭാര്യയുടെ അക്കൗണ്ട് വിശദാംശങ്ങൾ തേടി വിജിലൻസ്



കോഴിക്കോട്: കെ.പി.സി.സി പ്രസിഡന്റ് കെ. സുധാകരന്റെ സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച് അന്വേഷണത്തിനായി വിജിലൻസ്. അന്വേഷണത്തിന്റെ ഭാഗമായി ഭാര്യയുടെ അക്കൗണ്ട് വിശദാംശങ്ങൾ തേടി ജോലി ചെയ്തിരുന്ന സ്കൂളിലെ പ്രിൻസിപ്പാളിന് നോട്ടീസ് നൽകിയതായി സുധാകരൻ പറഞ്ഞു. അനധികൃതമായി എന്തെങ്കിലും സാമ്പത്തികനേട്ടം ഉണ്ടാക്കിയെങ്കിൽ കണ്ടെത്തട്ടെ. എന്ത് അന്വേഷണവുമായും സഹകരിക്കുമെന്നും കെ.സുധാകരൻ പറഞ്ഞു. കോഴിക്കോട് വിജിലൻസ് യൂണിറ്റാണ് നടപടികൾ ആരംഭിച്ചത്. ദേശാഭിമാനിക്കെതിരേ നിയമപരമായി മുന്നോട്ടുപോകുമെന്ന് കെ.പി.സി.സി അധ്യക്ഷൻ പറഞ്ഞു. തെളിവില്ലാതെ ദേശാഭിമാനി വാർത്ത മാത്രം അടിസ്ഥാനപ്പെടുത്തി വായിൽതോന്നിയത് വിളിച്ചുപറഞ്ഞരീതി അംഗീകരിക്കാനാകില്ല. രണ്ട് ദിവസത്തിനകം മാനനഷ്ടക്കേസ് ഫയൽ ചെയ്യും. മോൻസൺ മാവുങ്കലിന്റെ സാമ്പത്തികതട്ടിപ്പ് കേസിൽ പ്രതിയായ സാഹചര്യം രാഹുൽ ഗാന്ധിയെ ധരിപ്പിക്കുമെന്നും കെ.സുധാകരൻ വ്യക്തമാക്കി.

## ക്രിമിനൽ കേസ് പ്രതിയായ സുഹൃത്ത് യുവതിയെ വീട്ടിൽ കയറി വെട്ടിക്കൊന്നു



അതുൽ സത്യൻ, രജിതമോൾ

പത്തനംതിട്ട: റാന്നിയിൽ യുവതിയെ ക്രിമിനൽ കേസ് പ്രതി വീട്ടിൽ കയറി വെട്ടിക്കൊന്നു. കീക്കൊഴൂർ പുള്ളിക്കാട്ടിൽപടി മലർവാടി ജംഗ്ഷന് സമീപം ഇരട്ടത്തലപ്പനയ്ക്കൽ രജിത മോൾ(27) ആണ് മരിച്ചത്. തടയാൻ ശ്രമിച്ച രജിതയുടെ പിതാവ് വി.എ രാജു, മാതാവ് ഗീത, സഹോദരി എന്നിവർക്കും വെട്ടേറ്റു. റാന്നി ബ്ലോക്ക് പടി വടക്കേടത്ത് അതുൽ സത്യനാണ് ആക്രമണം നടത്തിയത്. ശനിയാഴ്ച രാത്രി എട്ടരയോടെയാണ് സംഭവം. യുവതിയുമായി മുൻ പരിചയമുള്ള ഇയാൾ മൂന്ന് കേസുകളിൽ പ്രതിയാണ്. ഒരാഴ്ച മുമ്പ് രജിതയെ റബ്ബർ തോട്ടത്തിൽ കൂട്ടിക്കൊണ്ടുപോയി കഴുത്തിൽ കത്തിവച്ച് ഇയാൾ ഭീഷണിപ്പെടുത്തിയിരുന്നു.




ലോക ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ജില്ലാ മദ്യനിരോധന സമിതി മാനാഞ്ചിറക്ക് സമീപം നടത്തിയ പ്രതിഷേധ സംഗമത്തിൽ നിന്ന്

## ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് പ്രതിഷേധ സംഗമം നടത്തി

കോഴിക്കോട്: മദ്യവും മയക്കുമരുന്നുകളും സമാധാനജീവിതം തകർക്കുമ്പോൾ ലഹരി വ്യാപനം നടത്തുന്ന സർക്കാർ അതിൽ നിന്ന് പിന്തിരിയുകയും സമ്പൂർണ്ണ മദ്യനിരോധനത്തിന് പദ്ധതി തയ്യാറാക്കുകയും വേണമെന്ന് കേരള മദ്യനിരോധന സമിതി സംസ്ഥാന പ്രസിഡന്റ് പ്രൊഫ. ടി.എം രവീന്ദ്രൻ പറഞ്ഞു.

ലോക ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ജില്ലാ മദ്യനിരോധന സമിതി മാനാഞ്ചിറക്ക് സമീപം നടത്തിയ പ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തെ ലഹരി ഹബ്ബാക്കി മാറ്ററുതെന്ന സന്ദേശം ഉയർത്തി നടത്തിയ സംഗമത്തിൽ ജില്ലാ പ്രസിഡന്റ് വി.പി ശ്രീധരൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന വനിതാ സമിതി പ്രസിഡന്റ് പ്രൊഫ. ഒ.ജെ ചിന്നമ്മ, കെ.സി.ബി.സി മദ്യനിരോധന സമിതി കൺവീനർ ആന്റണി ചാവറ, ജില്ലാ സെക്രട്ടറി പൊയിലിൽ കൃഷ്ണൻ ജില്ലാ ട്രഷറർ ടി.കെ.എ അസീസ്.

സംസ്ഥാന സമിതി അംഗങ്ങളായ രാജീവൻ ചൈത്രം, അബൂ അന്നശ്ശേരി, സിസ്റ്റർ മറില്ല, ടി.കെ.കെ മുഹമ്മദ്, പി. ഗൗരി ശങ്കരൻ, പി.എ അബുൽ കലാം ആസാദ്, ലത്തീഫ് ഒളവണ്ണ, വാസന്തി മക്കാട്, പി.ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.

# പൊണ്ണത്തടിയെ പേടിക്കണം; നിയന്ത്രിക്കാതിരിക്കരുത്

ലോകത്താകമാനമായുള്ള 18 വയസിന് മുകളിലുള്ള 1.9 ബില്യണിലധികം പേർ ഇന്ന് അമിതഭാരമുള്ളവരാണ്. ഇവരിൽ 650 ദശലക്ഷത്തിലധികം പേരും അമിതവണ്ണം മൂലം ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നവരാണെന്ന് ഡബ്ല്യു.എച്ച്.ഒ പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നു. അമിതവണ്ണം ഉള്ളവരുടെ എണ്ണത്തിലും വർദ്ധിച്ചുവരുന്ന ആരോഗ്യപ്രശ്നങ്ങളും പരിഹരിക്കുന്നതിനായി, ഡബ്ല്യു.എച്ച്.ഒ ഒരു ക്യാംപെയിൻ ആരംഭിച്ചിരിക്കുന്നു. 2023 മെയ് മാസത്തിൽ പുറത്തിറക്കിയിരുന്നു. ഇത് വഴി ആഗോളതലത്തിൽ, പൊണ്ണത്തടി കുറയ്ക്കുന്നതിനും നിയന്ത്രിക്കാനുമുള്ള പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.



**പൊണ്ണത്തടി എന്തുകൊണ്ടാണ് ഒരു പ്രധാന ആരോഗ്യ പ്രശ്നമായിരിക്കുന്നത്?**

ഒരു വ്യക്തിയുടെ ബോഡി മാസ് ഇൻഡക്സ് അല്ലെങ്കിൽ ബി.എം.ഐ 30-ൽ കൂടുതലുള്ള അവസ്ഥയാണ് പൊണ്ണത്തടി. 25-ൽ കൂടുതലുള്ള ബി.എം.ഐ യും അമിതഭാരമായി കണക്കാക്കപ്പെടുന്നു. 2025 ആകുമ്പോഴേക്കും ഏകദേശം 167 ദശലക്ഷം ആളുകൾ അമിതഭാരമുള്ളവരോ പൊണ്ണത്തടിയുള്ളവരോ ആയിരിക്കുമെന്ന് ഡബ്ല്യു.എച്ച്.ഒ കണക്കാക്കുന്നു. പൊണ്ണത്തടിയും മനുഷ്യ ശരീരത്തിലെ പ്രധാന അവയവങ്ങളിലൊന്നായ ഹൃദയത്തിന്റെ ആരോഗ്യവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. ഹൃദയം മാത്രമല്ല പൊണ്ണത്തടി ശരീരത്തിലെ ഒട്ടുമിക്ക എല്ലാ അവയവ വ്യവസ്ഥകളെയും ബാധിക്കുന്നു. ബോഡി മാസ് ഇൻഡക്സ് കൂടുന്നതിനനുസരിച്ച് ഹൃദയ സംബന്ധമായ അസുഖങ്ങൾ ഉണ്ടാകാനുള്ള സാധ്യത വർദ്ധിക്കുന്നു. രക്തക്കുഴലുകളിൽ തടസ്സം വരുന്നത് ഇതിൽ പ്രധാനവും സാധരണയായി കാണുന്നതുമാണ്.

**അമിതവണ്ണം രക്തത്തിലെ പഞ്ചസാരയുടെ അളവിനെ ബാധിക്കുന്നു**

ധാരാളം പ്രമേഹ രോഗികൾക്ക് പൊണ്ണത്തടി കാരണമാകുന്നു. മെറ്റബോളിക് ഡിസോർഡറിനുള്ള ഒരു അപകട സാധ്യതയായാണ് ഡയബറ്റോളജിസ്റ്റുകൾ പൊണ്ണത്തടിയെ കണക്കാക്കുന്നത്. അരക്കെട്ടിന് ചുറ്റും കൊഴുപ്പ് അടിഞ്ഞുകൂടുന്നത് മൂലം ശരീരത്തിലുണ്ടാകുന്ന മാറ്റം ഇൻസുലിനോടുള്ള പ്രതികരണശേഷി കുറയുന്നു. തുടർന്ന്, ഇത് ശരീരത്തിലെ കൊഴുപ്പുകളുടെയും കാർബോഹൈഡ്രേറ്റുകളുടെയും ഉപാപചയ പ്രവർത്തനത്തെ ബാധിക്കുന്നു. ഇതിന്റെ ഫലമായി രക്തത്തിലെ പഞ്ചസാരയുടെ അളവ് വർധിക്കുന്നു.

**ശരീരത്തിലെ എല്ലുകളും സന്ധികളും നശിക്കുന്നു**

പൊണ്ണത്തടി ശരീരത്തിന്റെ എല്ലുകളിലും സന്ധികളിലും അധിക ഭാരം ചെലുത്തുന്നു. ഇത് അമിതവണ്ണമുള്ള ആളുകൾക്ക് ഓസ്റ്റിയോ ആർത്രൈറ്റിസ് ഉണ്ടാകാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. ശരീരത്തിന്റെ അധിക ഭാരം എല്ലുകളിൽ സമ്മർദ്ദം ചെലുത്തുന്നു, കാൽമുട്ടുകൾ, ഇടുപ്പ് തുടങ്ങിയ പ്രധാന ഭാഗങ്ങളെ ഏറ്റവും കൂടുതൽ ബാധിക്കപ്പെടുന്നു.

**പല ഭാഗങ്ങളിലും കാൻസർ വളർച്ചയ്ക്ക് കാരണമാകുന്നു**

പൊണ്ണത്തടിയും കാൻസറും തമ്മിൽ ബന്ധമുണ്ടെന്ന് നിരവധി പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അന്നനാളം, പാൻക്രിയാസ്, വൻകുടൽ, മലാശയം, സ്തനങ്ങൾ, എൻഡോമെട്രിയം, പിത്താശയം, വൃക്ക എന്നിവയിലെ കാൻസറും പൊണ്ണത്തടിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ഗവേഷണ അടിസ്ഥാനത്തിലുള്ള തെളിവുകളുണ്ട്.

**ഗർഭധാരണം സങ്കീർണമാക്കും**

അമിതവണ്ണമുള്ളവരിൽ പ്രത്യുൽപാദന പ്രക്രിയ മറ്റുള്ളവരെ അപേക്ഷിച്ച് വളരെ സങ്കീർണമാണ്. അമിതവണ്ണമുള്ളവരിൽ ഗർഭം അലസൽ, ഗർഭകാല പ്രമേഹം, നടുവേദന മറ്റ് സങ്കീർണതകൾ എന്നിവയ്ക്കുള്ള സാധ്യത മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതലാണ്.

**പൊണ്ണത്തടിയും ശ്വാസകോശ സംബന്ധമായ അസുഖങ്ങളും ബന്ധപ്പെട്ടിരിക്കുന്നു**

അമിതവണ്ണവുമായി ബന്ധപ്പെട്ട രണ്ട് പ്രധാന ശ്വസന സംബന്ധിയായ പ്രശ്നങ്ങൾ ആസ്ത്മയും ഉറക്കം തടസ്സപ്പെടുത്തുന്ന സ്ലീപ് അപ്നിയയുമാണ്. അമിതഭാരം ശരീരത്തിന്റെ ശ്വസന പ്രവർത്തനത്തെ തകരാറിലാക്കുന്നു. റിപ്പോർട്ടുകൾ പ്രകാരം, കൊഴുപ്പ് അടിഞ്ഞുകൂടുന്നത് നെഞ്ചിന്റെ ഭിത്തിയുടെ വഴക്കം കുറയ്ക്കുകയും ഇത് മൂലം രക്തത്തിന്റെ ഒഴുക്ക് തടസ്സപ്പെടുകയുംത്തിന്റെ ഇടുങ്ങിയതാക്കുകയും ചെയ്യുന്നു.

**ഭാരം കുറയ്ക്കാൻ എന്ത് ചെയ്യാൻ കഴിയും?**

ശരീരഭാരം കുറയ്ക്കാൻ നല്ല ഭക്ഷണക്രമം, വ്യായാമങ്ങൾ, കൊഴുപ്പും പഞ്ചസാരയും കഴിക്കുന്നത് പരിമിതപ്പെടുത്തുക, കൂടുതൽ പയർവർഗ്ഗങ്ങൾ, ധാന്യങ്ങൾ, സംസ്കരിക്കാത്ത ഭക്ഷണങ്ങൾ എന്നിവ കഴിക്കുന്നത് ശീലമാക്കുക, പാക്കറ്റിലുള്ള ഭക്ഷണ സാധനങ്ങൾ ഒഴിവാക്കുക തുടങ്ങിയ ദൈനംദിന ശീലങ്ങളിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

# വാരിയേഴ്സ് മാടായി ക്യാച്ച് ദി റെയ്ൻ ക്യാംപയിൻ സംഘടിപ്പിച്ചു



ക്യാച്ച് ദി റെയ്ൻ ക്യാംപയിനിന്റെ ഭാഗമായി നെഹ്റു യുവകേന്ദ്ര കണ്ണൂരുമായി ചേർന്നുകൊണ്ട് വാരിയേഴ്സ് മാടായി അംഗങ്ങൾ പൊതുകിണർ ശുചീകരിക്കുന്നു

മാടായി: വാരിയേഴ്സ് മാടായിയുടെ ആഭിമുഖ്യത്തിൽ നെഹ്റു യുവ കേന്ദ്ര കണ്ണൂരുമായി ചേർന്നുകൊണ്ട് ക്യാച്ച് ദി റെയ്ൻ ക്യാംപയിൻ സംഘടിപ്പിച്ചു. ക്യാംപയിനിന്റെ ഭാഗമായി വാരിയേഴ്സ് മാടായി ഉപയോഗശൂന്യമായി കിടന്നിരുന്ന പൊതുകിണർ ശുചീകരിച്ചു. മാടായി പഞ്ചായത് പതിമൂന്നാം വാർഡ് മെമ്പർ ജമീല ടീച്ചർ ഉദ്ഘാടനം ചെയ്തു. ലോക ജലദിനത്തിൽ വാരിയേഴ്സ് മാടായി പ്രസിഡന്റ് ഡോ. മുനീബ് മുഹമ്മദ് അലി പ്രഖ്യാപിച്ച ക്ലീൻ ദി സിറ്റിയുടെ ഭാഗമായി വാരിയേഴ്സ് മാടായി പ്രവർത്തകർ അണിചേർന്നു. മൊട്ടാമ്പ്രം മാടായി പ്രദേശ വാസികൾക്ക് ഏറ്റവും ഉപകാരപ്രദമായി തീർന്ന കിണറാണ് വർഷങ്ങളായി ഉപയോഗശൂന്യമായി കിടന്നതെന്നും ഇതിനാണ് വാരിയേഴ്സ് മാടായിയുടെ പ്രവർത്തകർ പരിഹാരം കണ്ടതെന്നും പ്രസംഗത്തിൽ ജമീല ടീച്ചർ അഭിപ്രായപ്പെട്ടു. കാലവർഷം ശക്തിയാകുമ്പോൾ കൊതുകുകൾ പെരുകുന്നതിന് കരണമാവാതിരിക്കാൻ ഇതുപോലുള്ള കിണർ ശുചീകരണം അത്യാവശ്യമാണെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ചുകൊണ്ട് വാരിയേഴ്സ് മാടായി ആക്ടിങ് പ്രസിഡന്റും സെക്രട്ടറി കൂടിയായ ആസിഫ് എം.എം അഭിപ്രയപെട്ടു. സമാനമായ പ്രവർത്തങ്ങൾ ഇനിയും വാരിയേഴ്സ് മാടായി സംഘടിപ്പിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കിണർ ശുചീകരണത്തിന് അരുൺ കുമാർ, സബാഹ് മാടായി, മുഫാസ് അടങ്ങുന്ന സംഘം മേൽനോട്ടം വഹിച്ചു.

സാമൂഹ്യ പ്രവർത്തകൻ മൊഹിയുദീൻ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് വാരിയേഴ്സ് മാടായിയുടെ സഹായം പഞ്ചായത്തിന് ഉറപ്പ് നൽകി കൊണ്ട് ഇർഫാൻ എം.എം, ഹാഷിർ, സായിദ്, ആസിഫ്, നിഷാം അഞ്ചുപേർ അടങ്ങുന്ന ഹെൽപ് ഡെസ്ക് സംഘത്തിന് വാരിയേഴ്സ് മാടായി രൂപം നൽകി. മുഫാസ്, അജ്മൽ, ഹിഷാം, ശാസ്, സഹൽ, നജീബ് കെ.പി, സാദിഖ്, മുബീൻ മുഹമ്മദ് അലി എന്നിവർ ആശംസകൾ നേർന്നു. ട്രഷറർ അരുൺ കുമാർ നന്ദി പറഞ്ഞു. തുടർന്ന് മഴക്കാല രോഗങ്ങളെ കുറിച്ചും മുൻകരുതലുകളെ കുറിച്ചും ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചു.



ഹർഷിന കെ.കെ സമരസമിതിയുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന സത്യഗ്രഹ സമരത്തിന്റെ 35-ാം ദിവസം സമരപന്തൽ സന്ദർശിച്ച് സംസാരിക്കുന്ന യു.കെ കുമാരൻ

# ഹർഷിനക്ക് നീതി ഇനിയും വൈകരുത്: യു.കെ കുമാരൻ

കോഴിക്കോട്: കേരളത്തിന്റെ ചരിത്രത്തിൽ ഹർഷിനയോട് കാണിച്ച നീതികേട് മറ്റാർക്കും അനുഭവിക്കേണ്ടി വന്നിട്ടില്ലെന്ന് പ്രശസ്ത സാഹിത്യകാരൻ യു.കെ കുമാരൻ പറഞ്ഞു. മെഡിക്കൽ കോളേജിന് മുന്നിൽ ഹർഷിന കെ.കെ സമരസമിതിയുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന സത്യഗ്രഹ സമരത്തിന്റെ 35-ാം ദിവസം സമരപന്തൽ സന്ദർശിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഹർഷിന അനുഭവിക്കേണ്ടിവന്ന ദുരിതത്തിന് കാരണം സർക്കാരിന്റെ വീഴ്ചയാണെന്നും വ്യക്തമായിട്ടും ഹർഷിനയോട് പരിഹാരം ചെയ്യുവാൻ സർക്കാർ മടികാണിക്കുകയാണ്. സമാനമായ പ്രശ്നങ്ങളിൽ സർക്കാർ യുക്തിപൂർവ്വമായി ഇടപെട്ടത് നാം കണ്ടിട്ടുണ്ട്.

പടിഞ്ഞാറൻ നാടുകളിൽ ആയിരുന്നെങ്കിൽ ഇത്തരം ഒരു അവസ്ഥ നേരിട്ട യുവതിക്ക് സർക്കാർ കൃത്യമായ നഷ്ടപരിഹാരം നൽകുമായിരുന്നു. എന്നാൽ ഇവിടെ അതിനൊന്നും മുതിരാതെ സർക്കാർ ഇവരെ നിരന്തരം പീഡിപ്പിച്ചു കൊണ്ടിരിക്കുകയാണ്. കേരളത്തിലെ പ്രബുദ്ധ സമൂഹം ഈ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് ഹർഷിനയോടൊപ്പം നിൽക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു. സമരസമിതി ചെയർമാൻ ദിനേശ് പെരുമണ്ണ അധ്യക്ഷത വഹിച്ചു. ഭാരവാഹികളായ എം.ടി സേതുമാധവൻ, മാത്യു ദേവഗിരി, എം.വി അബ്ദുല്ലത്തീഫ്, കെ.ഇ ഷബീർ എന്നിവർ നേതൃത്വം നൽകി. സൈബർ കോൺഗ്രസ് ഭാരവാഹികളും സമരപന്തലിൽ എത്തി ഐക്യദാർഢ്യം അറിയിച്ചു. കെ.എസ്.യു സംസ്ഥാന ജനറൽ സെക്രട്ടറി സനൂജ് കുരുവട്ടൂർ ഉദ്ഘാടനം ചെയ്തു.



മണിപ്പൂരിലെ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് വരാപ്പുഴ അതിരൂപത കെ.എൽ.സി.എയുടെ നേതൃത്വത്തിൽ ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിലിന്റെ ആഹ്വാനമനുസരിച്ച് നടത്തിയ പ്രാർത്ഥന സന്ധ്യയിൽ നിന്ന്

# മണിപ്പൂർ വിഷയത്തിൽ രാഷ്ട്രപതിയുടെ സത്വര ഇടപെടലുകൾ ഉണ്ടാകണം: വരാപ്പുഴ അതിരൂപത

കൊച്ചി: മതേതരത്വത്തിന്റെയും, മതമൈത്രിയുടെയും, മാനവികതയുടെയും വിളനിലമാകേണ്ട ഭാരത മണ്ണിൽ മണിപ്പൂർ സർക്കാരിന്റെയും ,കേന്ദ്ര സർക്കാരിന്റെയും വിവേചനപരമായ പ്രവർത്തനങ്ങൾക്ക് അറുതി വരുത്തി സമാധാനം പുനഃസ്ഥാപിക്കാൻ രാഷ്ട്രപതിയുടെ സത്വര ഇടപെടലുകൾ ഉണ്ടാകണമെന്ന് വരാപ്പുഴ അതിരൂപതയ്ക്കു വേണ്ടി വരാപ്പുഴ അതിരൂപത കെ.എൽ.സി.എ ആവശ്യപ്പെട്ടു. മണിപ്പൂരിലെ കലാപ ഭൂമിയിൽ ദുരിതം അനുഭവിക്കുന്ന നിസ്സഹയരായ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് വരാപ്പുഴ അതിരൂപത കെ.എൽ.സി.എയുടെ നേതൃത്വത്തിൽ ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിലിന്റെ ആഹ്വാനമനുസരിച്ച് പ്രാർത്ഥന സന്ധ്യ നടത്തി. സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രലിൽ ചേർന്ന പ്രാർത്ഥനാ സന്ധ്യ മോൺ.

മാത്യു കല്ലിങ്കൽ ഉദ്ഘാടനം ചെയ്തു. വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളിലും കുടുംബങ്ങളിലും മണിപ്പൂരിലെ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ടുള്ള പ്രാർത്ഥന യജ്ഞത്തിന് ഇതോടെ തുടക്കം കുറിക്കണമെന്ന് മോൺ മാത്യു കല്ലിങ്കൽ ആഹ്വാനം ചെയ്തു. കെ.എൽ.സി.എ അതിരൂപതാ പ്രസിഡന്റ് സി.ജെ പോൾ അധ്യക്ഷത വഹിച്ച യോഗത്തിൽ ചാൻസലർ ഫാ.എബിജിൻ അറക്കൽ മുഖ്യപ്രഭാഷണം നടത്തി. ഫാ. മാർട്ടിൻ തൈപ്പറമ്പിൽ , ഫാ.പീറ്റർ കൊച്ചുവീട്ടിൽ, സംസ്ഥാന പ്രസിഡന്റ് അഡ്വ. ഷെറി ജെ. തോമസ്,ജനറൽ സെക്രട്ടറി റോയ് പാളയത്തിൽ, വൈസ് പ്രസിഡന്റുമാരായ റോയ് ഡി. കുഞ്ഞ, ബാബു ആന്റണി, ബേസിൽ മുക്കത്ത് അഡ്വ. കെ.എസ് ജിജോ, നിക്സൺ വേണാട്ട് തുടങ്ങിയവർ സംസാരിച്ചു.

# പൊള്ളൽ ചികിത്സയിൽ മുന്നേറ്റം: ഉത്തരകേരളത്തിലെ ആദ്യ സ്കിൻ ബാങ്കിന് തുടക്കമായി

## ഇനി കണ്ണ് ദാനം ചെയ്യുന്നതുപോലെ ത്വക്കും ദാനം ചെയ്യാം

കോഴിക്കോട്: റോട്ടറി ക്ലബ്ബിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ഉത്തരകേരളത്തിലെ ആദ്യ ത്വക്ക് ബാങ്ക് (സ്കിൻ ബാങ്ക്) കോഴിക്കോട് നിലവിൽ വരുന്നു. കോഴിക്കോട് ആസ്റ്റർ മിംസുമായി സഹകരിച്ചാണ് സ്കിൻ ബാങ്ക് യാഥാർഥ്യമാകുന്നത്. ശരീരത്തിലെ ഏറ്റവും വലിയ അവയവമാണ് ത്വക്ക്. പൊള്ളലേറ്റവരിൽ ത്വക്ക് നഷ്ടപ്പെടുന്നത് അണുബാധയ്ക്കും മരണത്തിനും കാരണമാകാറുണ്ട്.

ത്വക്ക് മാറ്റിവെക്കുക എന്നത് മാത്രമാണ് ഇതിനുള്ള ഏക പ്രതിവിധി. രോഗിയുടെ ശരീരത്തിൽ നിന്നുതന്നെ ത്വക്കെടുത്ത് മറ്റുഭാഗങ്ങളിൽ വെക്കുന്ന ശസ്ത്രക്രിയയാണ് നിലവിലുള്ളത്. ഇങ്ങനെ ത്വക്ക് എടുക്കുന്നതിനായി ഉണ്ടാക്കുന്ന മുറിവ് രോഗികളെ കൂടുതൽ ബുദ്ധിമുട്ടിക്കുന്നുണ്ട്. ഇത് ഒഴിവാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടാണ് സ്കിൻ ബാങ്ക് സ്ഥാപിക്കാൻ തീരുമാനിച്ചത്. സ്കിൻ ബാങ്കിന് ആവശ്യമായ സംവിധാനങ്ങൾ വെള്ളിയാഴ്ച കോഴിക്കോട് ആസ്റ്റർ മിംസിൽ നടന്ന പരിപാടിയിൽ പാസ്റ്റ് ഡിസ്ട്രിക്ട് ഗവർണർ, റൊട്ടേറിയൻ ഗൗരി രാജൻ കോഴിക്കോട് ആസ്റ്റർ മിംസ് ഭാരവാഹികൾക്ക് കൈമാറി. രോഗി




സ്കിൻ ബാങ്കിന് ആവശ്യമായ സംവിധാനങ്ങൾ പാസ്റ്റ് ഡിസ്ട്രിക്ട് ഗവർണർ, റൊട്ടേറിയൻ ഗൗരി രാജൻ കോഴിക്കോട് ആസ്റ്റർ മിംസ് ഭാരവാഹികൾക്ക് കൈമാറിയപ്പോൾ

മരണപ്പെട്ടതിന് ശേഷമാണ് ത്വക്ക് സ്വീകരിക്കുന്നത്. ഇത് സ്കിൻ ബാങ്കിൽ സൂക്ഷിക്കുകയും പിന്നീട് അത്യാവശ്യമുള്ള രോഗികൾക്ക് നൂതന സാങ്കേതിക വിദ്യയിലൂടെ വച്ചു പിടിപ്പിക്കുകയുമാണ് ചെയ്യുന്നത്. രാജ്യത്ത് തന്നെ വിരലിലെണ്ണാവുന്ന ആശുപത്രികളിൽ മാത്രമാണ് നിലവിൽ സ്കിൻ ബാങ്കുകളുള്ളത്. ലിംഗ, രക്തഗ്രൂപ്പ് വ്യത്യാസമില്ലാതെ 18 വയസ്സിനു മുകളിലുള്ള ആരുടെയും ത്വക്ക് ഉപയോഗിക്കാനാകും. പ്രമേഹം, രക്തസമ്മർദം തുടങ്ങിയ ജീവിതശൈലി രോഗങ്ങളും ത്വക്ക് ദാനത്തിന് തടസമാകില്ല. ഇതിനായി ശരീരത്തിലെ മൊത്തം ത്വക്കിന്റെ എട്ടിലൊന്ന് ഭാഗമാണ് എടുക്കുന്നത്. കാലിൽ നിന്നോ പുറം ഭാഗത്ത് നിന്നോ ആകും. നേത്രദാനംപോലെ ആശുപത്രിയിൽവെച്ചും, വിദഗ്ധസംഘം മരണപ്പെട്ടയാളുടെ വീട്ടിലെത്തിയും ശേഖരിക്കും. പരമാവധി 45 മിനിറ്റാണ് വേണ്ടിവരുക. ഇങ്ങനെ ശേഖരിക്കുന്ന ത്വക്ക് അഞ്ചുവർഷം വരെ സ്കിൻ ബാങ്കിൽ ശീതീകരിച്ച് സൂക്ഷിക്കാനാകും. സ്കിൻ ബാങ്ക് പ്രവർത്തനം ആരംഭിച്ചതോടെ ചികിത്സകൾക്കായി രോഗികൾ ദീർഘദൂരം സഞ്ചരിക്കേണ്ട സാഹചര്യം ഒഴിവാകുമെന്ന് റോട്ടറി പാസ്റ്റ് ഡിസ്ട്രിക്ട് ഗവർണർ ഡോ. രാജേഷ് സുഭാഷ് പറഞ്ഞു.

# നാട്ടിലെങ്ങും മുളങ്കാടിന്റെ ചോലയൊരുക്കി സുനിൽകുമാർ

**ചാലക്കര പുരുഷു**

മാഹി: ഈസ്റ്റ് പള്ളൂർ നൈതികത്തിൽ ഇ. സുനിൽ കുമാറിന്റെ കണ്ണുകളിൽ നിറയെ മുളങ്കാടുകളുടെ ഹരിത ശോഭയാണ്. കാതുകളിൽ നിറയുന്നത് മുളന്തണ്ടുകൾക്കിടയിലൂടെ ഒഴുകിയെത്തുന്ന നേർത്ത സംഗീതവും. ഹൃദയഹാരിയായ മുളങ്കാഴ്ചകളുടെ ഹരിതാഭയിൽ ആത്മനിർവൃതി കൊള്ളുകയാണ് ഈ മനുഷ്യൻ. കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ വിവിധസ്ഥലങ്ങളിലും മയ്യഴിയിലുമായി മുപ്പതിലേറെ പൊതുയിടങ്ങളിൽ സൗജന്യമായി മുളങ്കാടുകൾ വെച്ചുപിടിപ്പിച്ചിട്ടുണ്ട് ഈ പ്രകൃതി സ്നേഹി. നാല് വർഷങ്ങൾക്ക് മുമ്പ് സ്വന്തം വീടിന്റെ പരിസരമാകെ 25ലധികം ഇനത്തിൽപ്പെടുന്ന മുളങ്കാടുകൾ തീർത്താണ് ചുറ്റിലുമുള്ള സമൂഹത്തിലേക്കും മുളകൾ വെച്ചുപിടിപ്പിക്കാൻ തുടങ്ങിയത്. വിദ്യാലയങ്ങൾ, സർക്കാർ ഓഫീസുകൾ, പൊതു ഇടങ്ങൾ, പൊലീ



സ് സ്റ്റേഷനുകൾ, മെഡിക്കൽ കോളജുകൾ, തുടങ്ങി കണ്ണൂർ സെൻട്രൽ ജയിൽ അങ്കണം വരെ പടരുകയാണ് മുളങ്കൂട്ടങ്ങൾ. വയനാട്ടിലെ ഉറവിൽ നിന്നാണ് മുള തൈകൾ കൊണ്ടുവരുന്നത്. ബുദ്ധ ഓട, ബിലാത്തി, സ്നിട്രസ്സ്, ഗാർഡൻ, വല്ലിമുള തുടങ്ങിയവയാണ് ഏറെയും വെച്ചു പിടിപ്പിച്ചിട്ടുള്ളത്. ചെറിയ സ്ഥലങ്ങളിൽ പോലും വളരെ മനോഹരമായി മുളങ്കാടുകൾ ഉണ്ടാക്കാനാവുമെന്ന് സുനിൽകുമാർ നമ്മെ ബോധ്യപ്പെടുത്തുന്നു.നന്നെ ചെറുപ്പത്തിൽ തന്നെ പൂക്കളെയും പൂമ്പാറ്റകളേയും, മരങ്ങളേയും പ്രണയിച്ച സുനിൽകുമാർ, പിന്നീട് നടത്തിയ വനയാത്രകൾ അനവധിയാണ്. ഹിമാലയൻ യാത്രകളിലെ നിബിഡ വനങ്ങളിലേക്കുള്ള യാത്രകൾ, ജീവിതത്തിലെ മറക്കാനാവാത്ത അനുഭവങ്ങളാണ് ഈ മനുഷ്യന് സമ്മാനിച്ചത്. പ്രളയകാലത്ത് നേപ്പാളിലെ താഴ്വാരങ്ങളെ മുളകൾ സംരക്ഷിച്ചു നിർത്തിയ കാഴ്ച്ച നേരിട്ടനുഭവിച്ചതാണ്. ലോകത്ത് ഏറ്റവും വേഗത്തിൽ വളരുന്ന പുല്ല് വർഗ്ഗത്തിൽപ്പെടുന്ന സസ്യമാണ് മുളയെന്നും, കാർബൺ ഡൈ ഓക്സൈഡിനെ ഗണ്യമായി വലിച്ചെടുക്കാനും, ശക്തമായ ഓക്സീകരണ ശേഷിയുള്ളവയാണ് മുളകളെന്നും സുനിൽകുമാർ പറയുന്നു.



ആർട്ടിസ്റ്റ് കെ. സുധീഷ് താൻ വരച്ച ചിത്രം ദർശനം സെക്രട്ടറി എം.എ ജോൺസണ് കൈമാറിയപ്പോൾ

# പ്രകൃതി പഠനമഴയാത്ര: ചിത്രരചന മത്സരം നടത്തി

കോഴിക്കോട്: വയനാട് ഗേറ്റിൽ നിന്ന് ജൂലൈ എട്ടിന് താമരശ്ശേരി ചുരത്തിലൂടെ നടന്നിറങ്ങുന്ന വിദ്യാർഥികളുടെയും പ്രകൃതി -പരിസ്ഥിതി പ്രവർത്തകരുടെയും 18-ാമത് പ്രകൃതി പഠന യാത്രയുടെ ഭാഗമായി ചിത്രരചനാ മത്സരം സംഘടിപ്പിച്ചു. കേരള പ്രകൃതി സംരക്ഷണ ഏകോപന സമിതി കോ-ഓർഡിനേറ്ററും മുഖ്യസംഘാടകനുമായ പ്രൊഫ. ശോഭീന്ദ്രൻ അധ്യക്ഷത വഹിച്ചു. മാനാഞ്ചിറ ഗവ. ടി.ടി.ഐ മോഡൽ യു.പി സ്കൂളിൽ 263 കുട്ടികൾ വരയ്ക്കാനെത്തി. എനർജി മാനേജ്മെന്റ് സെന്റർ- കേരള, ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി, സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, ദേശീയ ഹരിത സേന, ദർശനം സാംസ്കാരിക വേദി എന്നിവർ പിന്തുണ നൽകുന്ന പെയിന്റിങ്ങ് മത്സരം പ്രമുഖ ശിൽപിയും ചിത്രകാരൻ സദ്ഭാവന വേൾഡ് സ്കൂളിലെ ആർട്ടിസ്റ്റ് കെ. സുധീഷ് ക്യാൻവാസിൽ പ്രകൃതി ദൃശ്യങ്ങൾ വരച്ച് ഉദ്ഘാടനം ചെയ്തു.

സൂര്യന്റെ കിരണങ്ങളും മഴയിൽ നനയുന്ന ജന്തുജീവജാലങ്ങളും മഴയിൽ തുള്ളിക്കളിക്കുന്ന മനുഷ്യക്കുട്ടികളും ചേർന്ന ചിത്രം ദർശനം സെക്രട്ടറി എം.എ ജോൺസണ് സുധീഷ് കൈമാറി. പ്രകൃതി പഠനയാത്രയുട ബ്രോഷർ പ്രൊഫ. ശോഭീന്ദ്രൻ , ഗവ. ടി.ടി.ഐ (മെൻ ) പ്രിൻസിപ്പാൾ എം. മുഹമ്മദ് റഷീദിന് നൽകി പ്രകാശനം ചെയ്തു. ദേശീയ ഹരിത സേന ജില്ലാ കോ-ഓർഡിനേറ്റർ പി. സിദ്ധാർത്ഥൻ, എക്കോ ക്ലബ് ജില്ലാ നിർവഹണ പരിശോധന സമിതി അംഗം പി. രമേഷ് ബാബു, പരിസ്ഥിതി സംരക്ഷണ സമിതി അംഗം പി.കെ ശശിധരൻ , വേൾഡ് മലയാളി കൗൺസിൽ കേരള ചാപ്റ്റർ പ്രസിഡന്റ് കെ.പി.യു അലി , കേരള എജ്യുക്കേഷൻ കൗൺസിൽ ഡയരക്ടർ സതീശൻ കൊല്ലറയ്ക്കൽ, ദർശനം ഐ.ടി കോ-ഓർഡിനേറ്റർ ഡഗ്ളസ് ഡിസിൽവ എന്നിവർ നേതൃത്വം നൽകി. വിജയികളുടെയും ജൂറി പ്രദർശന യോഗ്യമെന്ന് കണ്ടെത്തുന്ന ചിത്രങ്ങളുടെയും പ്രദർശനം ജൂലൈ രണ്ടുമുതൽ കാളാണ്ടിത്താഴം ദർശനം എം.എൻ സത്യാർത്ഥി ഹാളിൽ സംഘടിപ്പിക്കും.

# മഹാത്മാ അയ്യങ്കാളിയെ വികൃതമായി ചിത്രീകരിച്ചവരെ ശിക്ഷിക്കണം: എസ്.എൻ.ഡി.പി

കോഴിക്കോട്: മഹാത്മാ അയ്യങ്കാളിയെ സമൂഹ മാധ്യമങ്ങളിൽ വികൃതമായി ചിത്രീകരിച്ച സൈബർ ക്രിമിനലുകളെ ശിക്ഷിക്കണമെന്ന് എസ്.എൻ.ഡി.പി യോഗം യൂത്ത്മൂവ്മെന്റ് കോഴിക്കോട് യൂണിയൻ നേതൃയോഗം ആവശ്യപ്പെട്ടു. തന്റെ ജീവിത യാത്രയിൽ ജാതിമേലാളമാരെ അസ്വസ്ഥരാക്കി അനീതികൾക്കെതിരെ പോരാടി ജന്മിത്വവും ജാതി സമ്പ്രദായവും അനാചാരങ്ങളും തീർത്ത അന്ധകാരത്തിനു മേൽ നവോത്ഥാനത്തിന്റെ വെളിച്ചം വിതറി കേരളത്തെ ആധുനികതയിലേയ്ക്ക് ആനയിച്ച മഹാവ്യക്തിത്വങ്ങളുടെ മുൻനിരയിലാണ് മഹാത്മാ അയ്യങ്കാളിയുടെ സ്ഥാനമെന്നും ഇത്തരം അപകീർത്തികരമായ നീക്കങ്ങളെ സമൂഹം ഒറ്റക്കെട്ടായി ചെറുക്കണമെന്നും ഇത്തരം സൈബർ ക്രിമനലുകളെ എത്രയും പെട്ടെന്ന് മാതൃകപരമായി ശിക്ഷിക്കുവാൻ ബന്ധപ്പെട്ട അധികാരികൾ തയ്യാറാവണമെന്നും യോഗം ആവശ്യപ്പെട്ടു.

യോഗം എസ്.എൻ.ഡി.പി യോഗം കോഴിക്കോട് യൂണിയൻ സെക്രട്ടറി സുധീഷ് കേശവപുരി ഉദ്ഘാടനം ചെയ്തു. യൂത്ത്മൂവ്മെന്റ് കേന്ദ്ര സമിതി ജോ.സെക്രട്ടറി രാജേ



എസ്.എൻ.ഡി.പി യോഗം യൂത്ത്മൂവ്മെന്റ് കോഴിക്കോട് യൂണിയൻ നേതൃയോഗത്തിൽ നിന്ന്

ഷ് പി. മാങ്കാവ് അധ്യക്ഷത വഹിച്ചു. ജില്ലാ ട്രഷറർ ബിനിൽ സുരേഷ്, അദ്വൈത് ഭരത്, അഭിനവ്. പി, കിരൺ.പി എന്നിവർ സംസാരിച്ചു. കോഴിക്കോട് യൂണിയൻ യൂത്ത് മൂവ്മെന്റ് ഭാരവാഹികളെ തെരഞ്ഞെടുത്തു.

പ്രസിഡന്റ്: അദ്വൈത് ഭരത് താമരക്കുളം, വൈസ് പ്രസിഡന്റുമാർ: അഖിൽമനോജ്, ശാന്തിചന്ദ്ര, സെക്രട്ടറി: കിരൺ.പി, ജോയിന്റ് സെക്രട്ടറിമാർ: മഞ്ജിമ മിനി, അഭിനവ്.പി, ട്രഷറർ: ആകാശ് പി.എസ്, ജില്ലാ കമ്മിറ്റി അംഗങ്ങൾ: ബിനിൽ സുരേഷ്, ഷിബു പറമ്പത്ത്, പ്രവർത്തകസമിതി അംഗങ്ങൾ: വേദസ് അല്ലാച്ചി പറമ്പത്ത്, കരുൺ വിമൽ, ജ്യോതിഷ് കുമാർ, രാഹുൽ പ്രഭാകർ, വിശാഖ്, സ്വരാജ് കുന്നത്ത്, അതുൽ മോഹൻ.

## എയർ ഇന്ത്യ സൗജന്യഭക്ഷണം പുനഃസ്ഥാപിക്കാൻ കേന്ദ്രസർക്കാർ ഇടപെടണം: കേരള പ്രവാസിസംഘം

കോഴിക്കോട്: എയർ ഇന്ത്യ യാത്രക്കാർക്ക് അനുവദിച്ചിരുന്ന സൗജന്യഭക്ഷണം നിർത്തലാക്കിയ നടപടി പിൻവലിക്കണമെന്നും സൗജന്യ ഭക്ഷണം പുനഃസ്ഥാപിക്കാൻ കേന്ദ്രസർക്കാർ എയർ ഇന്ത്യ മാനേജ്മെന്റിൽ സമ്മർദ്ദം ചെലുത്തണമെന്നും കേരളപ്രവാസി സംഘം കോഴിക്കോട് ജില്ലാ കമ്മറ്റി ആവശ്യപ്പെട്ടു. പ്രവാസികളുടെ ശക്തമായ എതിർപ്പ് വകവെക്കാതെയാണ് കേന്ദ്രസർക്കാർ എയർഇന്ത്യ ടാറ്റയ്ക്ക് കൈമാറിയത്. യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കണമെന്നായിരുന്നു സർക്കാരിന്റെ ലക്ഷ്യം. എന്നാൽ പുതിയ മാനേജ്മെന്റ് ഏറ്റെടുത്തതിന് ശേഷം എയർ ഇന്ത്യയുടെ സേവനത്തിൽ യാതൊരു പുരോഗതിയും ഉണ്ടായില്ല എന്ന് മാത്രമല്ല നിലവിലുള്ളവ ഒന്നൊന്നായി നിർത്തലാക്കി കൊണ്ടിരിക്കയാണ്.

നിലവിൽ അവധിക്കാലത്ത് ഏറ്റവും കൂടുതൽ ടിക്കറ്റ് നിരക്ക് ഈടാക്കുന്ന വിമാനക്കമ്പനിയായി എയർ ഇന്ത്യ മാറി. മറ്റു വിമാനക്കമ്പനികളെക്കാൾ അമ്പതു ശതമാനമോ, അതിൽ കൂടുതലോ ആണ് എയർഇന്ത്യയുടെ ടിക്കറ്റ് നിരക്ക്. സൗജന്യഭക്ഷണം പുനഃസ്ഥാപിക്കുന്നതിനും, ടിക്കറ്റ് നിരക്ക്



കുറയ്ക്കുന്നതിനും കേന്ദ്ര സർക്കാർ അടിയന്തിരമായി ഇടപെടണമെന്ന് പ്രവാസിസംഘം ജില്ലാകമ്മറ്റി ആവശ്യപ്പെട്ടു. സൗദി വിസ സ്റ്റാമ്പിങ്ങിന് കോഴിക്കോട് കേന്ദ്രം അനുവദിച്ച നടപടി മലബാർ മേഖലയിൽ നിന്നുള്ള പ്രവാസികൾക്ക് ആശ്വാസകരമായതായി യോഗം വിലയിരുത്തി. ഈ ആവശ്യം പ്രവാസിസംഘം നേരത്തെ അധികൃതരുടെ ശ്രദ്ധയിൽ പെടുത്തിയിരുന്നു. സൗദി വിസ, വിസിറ്റ് വിസ സ്റ്റാമ്പിങ്ങിന് മാസങ്ങൾ കാത്തിരിക്കേണ്ട സാഹചര്യം ഒഴിവാക്കാൻ ഇത് സാഹചര്യമൊരുക്കും.

പ്രസിഡന്റ് കെ. സജീവ് കുമാർ അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈ. പ്രസിഡന്റ് ഷാഫിജ പുലാക്കൽ, ജില്ലാ സെക്രട്ടറി സി.വി ഇഖ്ബാൽ, ജോ: സെക്രട്ടറിമാരായ ഷിജിത് ടി. പി, ഷംസീർ കെ.എം, വൈ. പ്രസിഡന്റ് കെ.കെ ശങ്കരൻ എന്നിവർ സംസാരിച്ചു.



സമഗ്ര ശിക്ഷ കോഴിക്കോട് യു.ആർ.സി സൗത്ത് ഓഫിസിന്റെ കെട്ടിട ഉദ്ഘാടനം കണ്ണഞ്ചേരിയിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി നിർവഹിക്കുന്നു. മന്ത്രി അഹമ്മദ് ദേവർകോവിൽ സമീപം





1. കോഴിക്കോട് മെഡിക്കൽ കോളേജ് സി.എച്ച് സെന്ററിൽ നവീകരിച്ച ശിഹാബ് തങ്ങൾ ഡയഗ്നോസ്റ്റിക് സെന്റർ മുസ്ലീം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു 2. 32 സ്ലൈസ് സി.ടി സ്കാൻ

# സി.എച്ച് സെന്റർ പോലുള്ള സ്ഥാപനങ്ങൾ മുന്നോട്ടുവയ്ക്കുന്നത് ജനസേവനത്തിന്റേയും മാനവികതയുടേയും ഉന്നതമായ മാർഗദർശനം: സാദിഖലി ശിഹാബ് തങ്ങൾ

കോഴിക്കോട്: മുസ്ലീം ലീഗ് ജീവകാരുണ്യമേഖലയിൽ സി.എച്ചിന്റേയും ശിഹാബ് തങ്ങളുടേയുമെല്ലാം പേരിൽ സേവനങ്ങൾ നടത്തിവരുന്ന സ്ഥാപനങ്ങൾ ഒരു രാഷ്ട്രീയ പാർട്ടി ചിട്ടവട്ടങ്ങൾക്ക് അപ്പുറത്ത് ജനസേവനത്തിന്റേയും മാനവികതയുടേയും ഉന്നതമായ മാർഗ ദർശനങ്ങളാണ് മുന്നോട്ടുവയ്ക്കുന്നതെന്ന് മുസ്ലീം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞു.

രോഗ നിർണയത്തിൽ ആധുനിക സൗകര്യങ്ങളോടെ കോഴിക്കോട് മെഡിക്കൽ കോളേജ് സി.എച്ച് സെന്ററിൽ സജ്ജമാക്കിയ 32 സ്ലൈസ് സി.ടി സ്കാൻ, അൾട്രാസൗണ്ട് ഡോപ്ലർ, ഡിജിറ്റൽ എക്സ്റേ യൂണിറ്റ് ഉൾപ്പെടുന്ന നവീകരിച്ച ശിഹാബ് തങ്ങൾ ഡയഗ്നോസ്റ്റിക് സെന്റർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സർക്കാർ പ്രവർത്തനങ്ങൾക്കു പോലും സഹായങ്ങൾ നൽകുന്ന വിധത്തിൽ ആശുപത്രികളെ സഹായിക്കുന്ന നയവുമായി മുന്നോട്ടു പോകാൻ പലപ്പോഴും സെന്ററിന് സാധിച്ചിട്ടുണ്ട്.

ഒറ്റപ്പെടുന്നു എന്ന തോന്നൽ മനുഷ്യരിൽ ഉണ്ടാകുമ്പോൾ അവരെ കൂടെ കൂട്ടുകയെന്ന യഥാർഥ മനുഷ്യത്വമാണ് സി.എച്ച് സെന്റർ ചെയ്തു കൊണ്ടിരിക്കുന്നത്. ജനങ്ങളോട് കൂടുതൽ പറയാതെ തന്നെ അവർ സ്വയം സജ്ജരായി സി.എച്ച് സെന്ററിന്റെ പ്രവർത്തനങ്ങളെ സഹായിക്കാൻ മുന്നോട്ടു വരുന്നുവെന്നത് അഭിമാനമുള്ള കാര്യമാണെന്നും ഒരു കാലഘട്ടത്തിന്റെ നവോത്ഥാന നായകനായ സി.എച്ച് മുഹമ്മദ് കോയയുടെ അനശ്വരമായ സ്മരണയാണ് സി.എച്ച് സെന്ററിലൂടെ നിലനിർത്താൻ സാധിക്കുന്നതെന്നും തങ്ങൾ കൂട്ടിച്ചേർത്തു. മുസ്ലീം ലീഗ് ജില്ലാ പ്രസിഡന്റ് എം.എ റസാഖ് മാസ്റ്റർ അധ്യക്ഷത വഹിച്ചു. അൽട്രാ സൗണ്ട് സ്കാനിങ് മുസ്ലീം ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി എം.എൽ.എയും എക്സ്റേ യൂണിറ്റ് ഡോ.എം.കെ മുനീർ എം.എൽ.എയും ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ 28 ലക്ഷം രൂപ വിലവരുന്ന അൽട്രാ സൗണ്ട് സ്കാനിങ് മെഷിൻ സ്പോൺസർ ചെയ്ത സി.എച്ച് സെന്റർ ദമാം ചാപ്റ്റർ ഫണ്ട് ആദ്യ ഗഡുവും ഡയാലിസിസ് മെഷിന് ജിദ്ദ തുവൽ കെ.എം.സി.സി നൽകുന്ന ഫണ്ടും തങ്ങൾക്ക് കൈമാറി. മുസ്ലിം ലീഗ് സംസ്ഥാന സെക്രട്ടറിമാരായ സി.പി ചെറിയ മുഹമ്മദ്, യു.സി രാമൻ, ജില്ല ജനറൽ സെക്രട്ടറി ടി.ടി ഇസ്മായിൽ, ദമാം ചാപ്റ്റർ, ജിദ്ദ തുവൽ കെ.എം.സി.സി, കുവൈത്ത് കെ.എം.സി.സി പ്രതിനിധികളായ ടി.പി മൊയ്തീൻ, കണ്ടലക്കാടൻ അബ്ദുൽ ഗഫൂർ, സിറാജ് എരഞ്ഞിക്കൽ, ആശിഖ് ചെലവൂർ , പ്രഹ്ലാദൻ എന്നിവർ സംസാരിച്ചു. സെന്റർ പ്രസിഡന്റ് കെ.പി കോയ ഹാജി സ്വാഗതവും ട്രഷറർ ടി.പി മുഹമ്മദ് നന്ദിയും പറഞ്ഞു. ജില്ല, മണ്ഡലം മുസ്ലിം ലീഗ് നേതാക്കൾ, മെഡിക്കൽ കോളേജ് വകുപ്പുതല മേധാവികൾ, കനിവ് ,സഹായി, ഐ.എസ്.എം തുടങ്ങിയ സന്നദ്ധ സംഘടന പ്രതിനിധികൾ, സെന്റർ ഭാരവാഹികളായ പി.എൻ.കെ അഷ്റഫ്, കെ.മൂസ മൗലവി, സഫ അലവി, അരിയിൽ മൊയ്തീൻ ഹാജി, കെ.മരക്കാർ ഹാജി, ഒ. ഹുസൈൽ, ജനറൽ മാനേജർ അബ്ദുറഹിമാൻ തുടങ്ങിയവർ പങ്കെടുത്തു.

# ടി. എൻ പ്രതാപൻ എം. പിക്ക് പുസ്തകമിത്രം പുരസ്കാരം



കോഴിക്കോട്: സദ്ഭാവന ബുക്സ്, കോഴിക്കോട് ഏർപ്പെടുത്തിയ പ്രഥമ പുസ്തകമിത്രം പുരസ്കാരത്തിന് തൃശൂർ എം.പി ടി.എൻ പ്രതാപൻ അർഹനായതായി കവി പി.പിശ്രീധരനുണ്ണിയും സദ്ഭാവന ബുക്സ് എഡിറ്റർ സുനിൽ മടപ്പള്ളിയും വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഒരുലക്ഷം രൂപയും ഒരുലക്ഷം രൂപ മുഖവിലയുമുള്ള 1000 പുസ്തകങ്ങളും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പ്രഥമ പുസ്തകമിത്രം പുരസ്കാരം. സദ്ഭാവന ബുക്സിന്റെ വായനാമാസാചരണത്തിന്റെ സമാപനദിനമായ ജൂലൈ 18ന് തൃശൂരിൽ വച്ച് പുരസ്കാരം സമർപ്പിക്കും. സാഹിത്യകാരൻ യു.കെ കുമാരൻ ചെയർമാനും കവി പി.പി ശ്രീധരനുണ്ണി, ഹരിതം ബുക്സ് എഡിറ്റർ പ്രതാപൻ തായാട്ട്, യുവ എഴുത്തുകാരി ട്രീസ അനിൽ എന്നിവരടങ്ങിയ ജൂറി കമ്മിറ്റിയാണ് പുരസ്കാര ജേതാവിനെ തിരഞ്ഞെടുത്തത്. പൊതുപരിപാടികളിലും സ്വകാര്യ ചടങ്ങുകളിലും പൂവ്, മാല, ഷാൾ, മെമന്റോ, മറ്റ് ഉപഹാരങ്ങൾ എന്നിവയ്ക്ക് പകരം പുസ്തകം മാത്രം സ്വീകരിച്ച് പൊതു സമൂഹത്തിന് മാതൃകയാവുന്നത് പരിഗണിച്ചാണ് ടി.എൻ പ്രതാപന് പുസ്തകമിത്രം പുരസ്കാരം നൽകുവാൻ ജൂറി തീരുമാനിച്ചത്. എം.പിയായതിന് ശേഷം കഴിഞ്ഞ നാലുവർഷത്തിലധികമായി ഒന്നരകോടി രൂപയിൽ അധികം വിലവരുന്ന 1,26,000 പുസ്തകങ്ങൾ ടി.എൻ പ്രതാപൻ ഇന്ത്യയിലും വിദേശങ്ങളിൽ നിന്നുമായി സ്വീകരിക്കുകയും ഈ പുസ്തകങ്ങൾ കേരളത്തിലെ സ്കൂൾ, കോളേജ്, പൊതുവായനശാലകൾക്കായി നൽകി വരികയാണ്. കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ ടി.എൻ പ്രതാപന്റെ ഈ ഉദാത്ത മാതൃക സ്വീകരിക്കുമെനന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. വാർത്താസമ്മേളനത്തിൽ കവിയും പ്രഭാഷകനുമായ മോഹനൻ പുതിയോട്ടിൽ, യുവ എഴുത്തുകാരി ട്രീസ അനിൽ എന്നിവരും പങ്കെടുത്തു.

# 'പ്ലസ്വൺ അലോട്ട്മെന്റിന് മാർക്ക് അടിസ്ഥാനമാക്കണം'

കോഴിക്കോട്:പ്ലസ്വൺ അലോട്ട്മെന്റിന് മാർക്ക് അടിസ്ഥാനമാക്കണമെന്ന് ഹയ അഷ്റഫ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. എസ്.എസ്.എൽ.സി പരീക്ഷയിൽ ഫുൾ എപ്ലസ് നേടിയിട്ടും താൻ പഠിച്ച സ്കൂളിൽ തന്നെ തുടർപഠനം നടത്താനുള്ള അവസരം ലഭിച്ചില്ലായെന്നും ആദ്യ അലോട്ട്മെന്റിൽ തഴയപ്പെട്ടുവെന്നും ഹയ പറഞ്ഞു. 99 ശതമാനം മാർക്ക് വാങ്ങിയ ഹയ താൻ പഠിച്ച സ്കൂളായ ബാലുശ്ശേരി കോക്കല്ലൂർ ജി.എച്ച്.എസ്.എസ് ഉൾപ്പെടെ നാല് സകൂളിലാണ് പ്ലസ്വൺ പ്രവേശനത്തിന് അപേക്ഷിച്ചത്. എന്നാൽ ഈ നാല് സ്കൂളുകളിലും പ്രവേശനം ലഭിച്ചില്ല. മാർക്കടിസ്ഥാനത്തിൽ നോക്കിയപ്പോൾ തന്റെയത്ര മാർക്കില്ലാത്തവർക്കുപോലും പ്രവേശനം ലഭിച്ചതായി ഹയ ചൂണ്ടിക്കാണിച്ചു. ഗ്രേഡ് സിസ്റ്റം മാറ്റി പ്ലസ്വൺ അലോട്ട്മെന്റിൽ മാർക്ക് പരിഗണിക്കണമെന്നും താൻ പഠിച്ച സ്കൂളിൽ തന്നെ തുടർപഠനത്തിനുള്ള സാഹചര്യമൊരുക്കണമെന്നും ആവശ്യപ്പെട്ട് വിദ്യാഭ്യാസമന്ത്രിക്ക് കത്തയക്കാൻ ഒരുങ്ങുകയാണ് വിദ്യാർഥി. കുട്ടികൾ താമസിക്കുന്ന പഞ്ചായത്തിലും താലൂക്കിലുമാണ് അപേക്ഷിക്കുന്ന സ്കൂളെങ്കിൽ ബോണസ് പോയിന്റ് നൽകുന്നത് തികച്ചും തെറ്റായ രീതിയാണെന്നും പകരം കേന്ദ്രീയ വിദ്യാലയങ്ങളിൽ സ്വീകരിക്കുന്നതുപോലെ വീട്ടിലേക്കുള്ള ദൂരം അടിസ്ഥാനമാക്കി പ്രവേശനം നൽകണമെന്നും ഹയ ആവശ്യപ്പെട്ടു. വാർത്താസമ്മേളനത്തിൽ ഹയയുടെ പിതാവ് അഷ്റഫ് പി.എം, മാതാവ് ഷിനു അഷ്റഫ് എന്നിവരും പങ്കെടുത്തു.

# മൃഗപരിപാലനത്തിലെ മഴക്കാല മുൻകരുതലുകൾ



മഴക്കാലത്ത് ക്ഷീരകർഷകർക്ക് തലവേദന സൃഷ്ടിച്ച് കന്നുകാലികൾക്ക് പകർച്ചവ്യാധികളും എത്തും. മുൻകാലങ്ങളിലെ അനുഭവങ്ങളുടെ വെളിച്ചത്തിൽ കൃത്യതയോടെയുള്ള മഴക്കാലപൂർവ്വ ഒരുക്കങ്ങൾ നടപ്പിലാക്കിയാൽ ഈ പകർച്ചവ്യാധികളെ പ്രതിരോധിക്കാം. മഴക്കാലത്ത് അന്തരീക്ഷം തണുക്കുകയും ഈർപ്പം വർധിക്കുകയും ചെയ്യുന്നതിനാൽ രോഗകാരികളായ സൂക്ഷ്മജീവികൾ പെരുകുന്നതിന് അനുകൂലമായ കാലാവസ്ഥ സംജാതമാകും. വൃത്തിഹീനമായ തൊഴുത്തുകളിൽ പലതരം രോഗങ്ങൾ പടർന്നു പിടിക്കാനുള്ള സാധ്യതയേറെയാണ്. അതുകൊണ്ട് ശുചിത്വം പാലിക്കുക എന്നതാണ് രോഗങ്ങൾക്കെതിരേയുള്ള ജാഗ്രതയുടെ ആദ്യപടി.

**1. മഴ തുടങ്ങുന്നതിനു മുമ്പ് തന്നെ കന്നുകാലികൾക്ക് വിരമരുന്ന് നൽകുക.**

**2. കുളമ്പുരോഗത്തിനും കുരലടപ്പൻ അഥവാ ഹീമോറാജിക് സെപ്റ്റിസീമിയയ്ക്കും എതിരെയുള്ള പ്രതിരോധ കുത്തിവയ്പുകൾ നൽകുക.**

**3. പാലുൽപാദനം കൂടുതലുള്ള പശുക്കൾക്ക് മഴക്കാലത്ത് തണുപ്പിനോട് താദാത്മ്യം പ്രാപിക്കാൻ ഊർജം കൂടുതലായുള്ള തീറ്റകൾ ആവശ്യമായ അളവിൽ നൽകണം.**

**4. മഴക്കാലത്ത് സുലഭമായി ലഭിക്കുന്ന ഇളം പുല്ല് അധികമായി തിന്നുന്നത് ബ്ലോട്ട് അഥവാ വയർ സ്തംഭനത്തിന് കാരണമാകുമെന്നതിനാൽ ഈർപ്പമേറെയുള്ള ഇളം പുല്ല് അധികം നൽകാതെ ശ്രദ്ധിക്കുക.**

**5. കന്നുകാലികളുടെ മഴക്കാല പരിരക്ഷക്കായി ഈർപ്പം തട്ടാത്ത കാലിത്തീറ്റ, വൈക്കോൽ തുടങ്ങിയവ നൽകുകയും ശുദ്ധമായ വെള്ളം യഥേഷ്ടം ലഭ്യമാക്കുകയും വേണം.**

**6. പശുക്കളുടെ ശരീരഭാഗങ്ങളിൽ പ്രത്യേകിച്ച് അകിടിൽ കാണപ്പെടുന്ന മുറിവുകൾക്ക് ആവശ്യമായ ചികിത്സ നൽകി അകിടു വീക്കം വരാതെ ശ്രദ്ധിക്കുക. കറവയ്ക്ക് മുൻപായി അകിട് വൃത്തിയായി കഴുകിത്തുടയ്ക്കാനും പ്രത്യേകം ശ്രദ്ധിക്കണം. പശുവിനെ പൂർണമായി കറന്ന്, കറവക്ക് ശേഷം കാമ്പുകൾ പോവിഡോൺ അയഡിൻ ലായനിയിൽ മുക്കി അണുനശീകരണം നടത്തുകയും ചെയ്യുക.**

**7. ദീർഘനേരം വെള്ളത്തിലും ചേറിലുമൊക്കെ നിൽക്കുന്നത് കുളമ്പിനെ ബാധിക്കുമെന്നതിനാൽ പശുക്കളുടെ പാദസംരക്ഷണം മഴക്കാലത്തു പ്രധാനമാണ്. അമിത വളർച്ചയുള്ള കുളമ്പുകൾ മുറിച്ചു മാറ്റണം.**

കന്നുകാലികളെ ബാധിക്കുന്നതും ക്ഷീരകർഷകർക്ക് സാമ്പത്തികനഷ്ടമുണ്ടാക്കുന്നതുമായ ഒരു മഴക്കാല സാംക്രമിക രോഗമാണ് മുടന്തൻപനി അഥവാ എഫിമെറൽ ഫീവർ. കൊതുകുകളും കടിയീച്ചകളും പരത്തുന്ന ഈ ആർബോവൈറൽ രോഗത്തിനെ പശുക്കളിലെ ഡെങ്കിപ്പനി എന്നും പശുക്കളിലെ ഇൻഫ്ളുവെൻസ എന്നും വിളിക്കാം. പെട്ടെന്നുണ്ടാവുന്ന ശക്തമായ പനിയും പേര് സൂചിപ്പിക്കുന്നതുപോലെ കൈകാലുകൾ മാറിമാറിയുള്ള മുടന്തുമാണ് ഈ മൂന്ന് ദിവസപ്പനിയുടെ രോഗലക്ഷണങ്ങൾ. ഒറ്റയടിക്ക് പാലുൽപാദനം കുറയും. കൈകാലുകൾ മാറിമാറിയുള്ള മുടന്ത്, നടക്കാനും കിടക്കാനും എഴുന്നേൽക്കാനുമുള്ള ബുദ്ധിമുട്ട് എന്നിവയ്ക്ക് പുറമെ തീറ്റ മടുപ്പ്, അയവെട്ടൽ നിലയ്ക്കൽ, ഉമിനീർ പതഞ്ഞൊലിക്കൽ, കണ്ണിൽനിന്നും മൂക്കിൽനിന്നും നീരൊലിപ്പ്, കഴലവീക്കം, പേശിവിറയൽ തുടങ്ങിയ ലക്ഷണങ്ങൾ കാണിക്കുന്നു. പനി, സന്ധികളിലെ വേദന, നീരിറക്കം പേശീവേദന തുടങ്ങിയ രോഗലക്ഷണങ്ങളുടെ തീവ്രത കുറയ്ക്കാൻ മരുന്നുകൾ ആദ്യമേ തന്നെ നൽകുക. ആവശ്യമെങ്കിൽ ആന്റിബയോട്ടിക് കുത്തിവെയ്പുകൾ നൽകുകയും വേണം. രോഗാരംഭത്തിൽ തന്നെ ആവശ്യമായ ചികിത്സകളും മതിയായ വിശ്രമവും പരിചരണവും ഉറപ്പാക്കിയാൽ മൂന്ന് ദിവസത്തിനുള്ളിൽ തന്നെ പശുക്കൾ ആരോഗ്യം വീണ്ടെടുക്കുന്നതാണ്. ജന്തുജന്യ രോഗമല്ലാത്തതിനാൽ വൈറസുകൾ പശുക്കളിൽ നിന്നു മനുഷ്യരിലേക്ക് പകരില്ല.

മഴക്കാലത്ത് തൊഴുത്തിന്റെയും ചാണകക്കുഴി അടക്കമുള്ള പരിസര പ്രദേശങ്ങളുടെ ശുചിത്വം, കർഷകന്റെയും കറവക്കാരന്റെയും ശുചിത്വം എന്നിവ ഉറപ്പാക്കേണ്ടതാണ്. ഇതിനായി താഴെപറയുന്ന നിർദേശങ്ങൾ പാലിക്കുക

**1. തൊഴുത്തിന്റെ തറയിൽ ചാണകവും മൂത്രവും പാലും കെട്ടിക്കിടക്കാൻ അനുവദിക്കരുത്. കുഴികളും ദ്വാരങ്ങളും യഥാസമയം അടക്കുക.**

**2. കുമ്മായം, ബ്ലീച്ചിംഗ് പൗഡർ, പൊട്ടാസ്യം പെർമാംഗനേറ്റ്, അലക്കുകാരം തുടങ്ങിയ അണുനാശിനികൾ ഉപയോഗിച്ച് തൊഴുത്തിന്റെ തറയും ഭിത്തികളും പുൽത്തൊട്ടിയുമെല്ലാം ശുചീകരിക്കുക.**

**3. മിനുസമേറിയ തറകളിൽ പശുക്കൾ തെന്നി വീഴാനുള്ള സാദ്ധ്യത മഴക്കാലത്ത് കൂടുതലായതിനാൽ തറ പരുക്കനാക്കുകയോ മാറ്റുകൾ ഇടുകയോ വേണം.**

**4. തൊഴുത്തിനുള്ളിൽ മഴവെള്ളം വീഴാതിരിക്കാൻ മേൽക്കൂരയിലും വശങ്ങളിലും ആവശ്യമായ അറ്റകുറ്റപണികൾ നടത്തുക.**

**5. തൊഴുത്തിൽ വെള്ളവും മാലിന്യങ്ങളും കെട്ടികിടന്ന് കൊതുകുകളും ഈച്ചകളും മുട്ടയിട്ട് പെരുകുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിനായി തൊഴുത്തും പരിസരവും വൃത്തിയായി സൂക്ഷിക്കുക.**

**6. കന്നുകാലികൾ മലിനജലം കുടിക്കുന്നത് വയറിളക്കം എലിപ്പനി തുടങ്ങിയ രോഗങ്ങൾക്കു കാരണമാകാം. വെള്ളപ്പാത്രങ്ങളിലെ പായലും മറ്റു മാലിന്യങ്ങളും കളഞ്ഞ് കഴുകി വൃത്തിയാക്കണം. അര ലീറ്റർ വെള്ളത്തിൽ 250 ഗ്രാം ബ്ലീച്ചിങ് പൗഡർ കലക്കി അര മണിക്കൂറിന് ശേഷം തെളിവെള്ളം ഊറ്റിയെടുത്ത് വെള്ളം ശേഖരിക്കുന്ന ടാങ്കുകളിൽ കലക്കുന്നതു കൊതുകിന്റെ കൂത്താടികളെ നശിപ്പിക്കും. 12 മണിക്കൂറിനു ശേഷം ഈ വെള്ളം കുടിക്കാൻ ഉപയോഗിക്കാം.**

**7. ട്രിപ്പനോസോമിയാസിസ്, ബബീസിയോസിസ്, മിയാസിസ് (മാഗട്ട് വൂണ്ട്) തുടങ്ങിയ രോഗങ്ങൾ മഴക്കാലത്തു കൂടുതലായി പടരുന്നത് രോഗാണുക്കളെ വഹിക്കുന്നതും രക്തം കുടിക്കുന്നതുമായ ഈച്ച, കൊതുക്, പട്ടുണ്ണി തുടങ്ങിയ ബാഹ്യ പരാദങ്ങളുടെ ബാഹുല്യം നിമിത്തമാണ്. ഇവയെ നിയന്ത്രിക്കുന്നതിനുള്ള മരുന്ന് തൊഴുത്തിലും പരിസരങ്ങളിലും തളിക്കുകയോ മരുന്ന് ചേർത്ത് തൊഴുത്തിന്റെ ഭിത്തികൾ വെള്ളപൂശുകയോ ചെയ്യുക. വെള്ളത്തിൽ കലക്കി പശുക്കളെ കുളിപ്പിക്കാവുന്നതും മുതുകിൽ ചോക്ക് പോലെ വരക്കാവുന്നതുമായ കീടനിയന്ത്രണ ലേപനങ്ങൾ ഇന്ന് വിപണിയിൽ ലഭ്യമാണ്.**

**8. വേപ്പെണ്ണ, പൂവത്തെണ്ണ തുടങ്ങിയ ലേപനങ്ങൾ പശുവിന്റെ പുറത്തു തേക്കുന്നതും കർപ്പൂരം വേപ്പെണ്ണയിൽ ചൂടാക്കി പശുവിന്റെ ശരീരത്തിൽ പുരട്ടുന്നതും കർപ്പൂരം, വേപ്പെണ്ണ, യൂക്കാലിയെണ്ണ എന്നിവ 4:4:1 എന്ന അനുപാതത്തിൽ തൊഴുത്തിൽ തളിക്കുന്നതും ഈച്ചകളെയും കൊതുകുകളേയും അകറ്റാൻ ഫലപ്രദമാണ്.**

**9. ഒരു കിലോ കുമ്മായത്തിൽ 250 ഗ്രാം ബ്ലീച്ചിങ് പൗഡർ കലർത്തിയ മിശ്രിതം ആഴ്ചയിൽ രണ്ടു തവണ വളക്കുഴിയിൽ വിതറുക.**

**10. പച്ചകർപ്പൂരം അല്ലെങ്കിൽ കുന്തിരിക്കം ഉപയോഗിച്ച് പുകയ്ക്കുകയോ ശീമക്കൊന്ന, ആര്യവേപ്പ്, തുമ്പ, പാണൽ തുടങ്ങിയ ഇലകൾ ഉപയോഗിച്ച് തൊഴുത്തിൽ പുകയിടുകയോ ചെയ്യുന്നതും പ്രാണികളെ അകറ്റാൻ ഉത്തമമാണ്.**

**11. തൊഴുത്തിലും പരിസരങ്ങളിലും എലി, പെരുച്ചാഴി തുടങ്ങിയവയുടെ ശല്യം ഇല്ലാതാക്കണം.**

**12. മഴക്കാലത്ത് കറണ്ടു കമ്പികൾ പൊട്ടിവീണു ഷോക്കടിക്കാനുള്ള സാധ്യത വളരെ കൂടുതലായതിനാൽ തൊഴുത്തിലേക്കുള്ള കറണ്ട് കണക്ഷൻ പരിശോധിച്ച് സുരക്ഷിതമാണെന്ന് ഉറപ്പു വരുത്തുക. മഴക്കാലത്ത് വെള്ളം കയറുന്ന പ്രദേശങ്ങളിൽ പശുക്കളെ ഉയർന്ന പ്രദേശങ്ങളിൽ കെട്ടുകയോ സാധിക്കുമെങ്കിൽ അവിടെ താൽക്കാലിക തൊഴുത്ത് നിർമ്മിചു പശുക്കളെ മാറ്റി പാർപ്പിക്കുകയോ ചെയ്യണം. വെള്ളപ്പൊക്ക ഭീഷണി ഉണ്ടെങ്കിൽ കന്നുകാലികളെയും അരുമകളെയും കെട്ടഴിച്ചു വിടാൻ മറക്കരുത്. മഴക്കാല മുൻകരുതലുകൾ കൃത്യതയോടെ നടപ്പിലാക്കിയാൽ പകർച്ചവ്യാധികളെ പ്രതിരോധിച്ചുകൊണ്ടു സാമ്പത്തിക നഷ്ടം തടയാൻ സാധിക്കും.**

# മയക്കുമരുന്നിനെതിരേ ഷോർട്ട് ഫിലിമുമായി കൈരളി സിനിമ നിർമാണ സഹകരണ സൊസൈറ്റി

കോഴിക്കോട്: അനുദിനം വർധിച്ചുവരുന്ന മയക്കുമരുന്നിനെതിരേ ബോധവൽക്കരണ പ്രവർത്തനത്തിന്റെ ഭാഗമായി രണ്ട് ഷോർട്ട്ഫിലിമുകൾ നിർമിക്കാൻ കൈരളി സിനിമ നിർമാണ സഹകരണ സൊസൈറ്റി തയ്യാറെടുക്കുന്നു. കലാ സിനി ക്രിയേഷൻസ് അവതരിപ്പിക്കുന്ന വെട്ടുകിളി കുട്ടിമാളുവും, കുമാരൻ കണ്ട സ്വർഗവും എന്ന ഷോർട്ട്ഫിലിമുകൾക്ക് കഥയും തിരക്കഥയും തയ്യാറാക്കിയത് ഡോ. യു.കെ ദാമോദരനാണ്. സംവിധാനം യു.കെ സുധീഷ്. കെ.നാരായണൻ നായർ, ലൈല തൃശൂർ, പ്രേമ തലശ്ശേരി, സുശീല കണ്ണൂർ, ഗീത കക്കോടി, ഡോ. യു.കെ ദാമോദരൻ, നന്ദന കോഴിക്കോട്, സത്യൻ കായണ്ണ തുടങ്ങി സിനിമ സീരിയൽ രംഗത്തെ പ്രശസ്തരാണ് വേഷമിടുന്നത്.

# നന്ദീശ്വരക്ഷേത്ര ശിലാന്യാസം 28ന്

കോഴിക്കോട്: കേരളത്തിലെ ഏറ്റവും വലിയ ഒറ്റ കരിങ്കൽ കൊടിമരമുള്ള മാനാംകുന്ന് ശ്രീ മഹാദേവ ക്ഷേത്രം മറ്റൊരു ചരിത്രത്തിന് വഴിമാറുകയാണ്. പഞ്ചലോഹത്തിൽ നിർമിച്ച ഭാരതത്തിലെ ഏറ്റവും വലിയ മഹാ നന്ദീശ്വരനെ പ്രതിഷ്ഠിക്കുന്നക്ഷേത്രത്തിന്റെ ശിലാന്യാസം 28ന് നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. 12 അടി ഉയരവും 18 അടി നീളവും ഒമ്പതടി വീതിയുമുള്ള പഞ്ചലോഹ നന്ദീശ്വരനെ പ്രതിഷ്ഠിക്കുന്ന ക്ഷേത്രത്തിന്റെ ശിലാന്യാസം മഹാസന്യാസി ശ്രേഷ്ഠൻമാരായ കാസർകോട് ഇടനീർമഠം മഠാധിപതി ജഗദ്ഗുരു ശങ്കരാചാര്യ ശ്രീ ശ്രീ ശ്രീമദ് സച്ചിദാനന്ദ ഭാരതി സ്വാമികൾ, ശ്രീ ശ്രീ ശ്രീമദ് യോഗാനന്ദ സരസ്വതി സ്വാമികൾ കൊണ്ടാവൂർ, ശ്രീമദ് വിവേകാമൃതാനന്ദപുരി സ്വാമികൾ ഉൾപ്പെടെ നിരവധി സന്യാസി വര്യൻമാരുടെ കാർമികത്വത്തിലും സാമൂഹിക-സാംസ്കാരിക പ്രമുഖൻമാരുടെ നേതൃത്വത്തിലും 28ന് രാവിലെ 9.30ന് 10.30നും ഇടയിൽ ക്ഷേത്രത്തിൽ നടക്കും. പ്രമുഖരായ 54 പേർ ഒരേസമയം ശിലാന്യാസം നടത്തുന്നുവെന്ന പ്രത്യേകത ഇതിനുണ്ട്. ശിലാന്യാസത്തോടനുബന്ധിച്ച് 26, 27 തിയതികളിൽ കൊല്ലൂർ മൂകാംബിക ക്ഷേത്ര സന്നിധിയിൽ വച്ച് നവചണ്ഡികാഹോമവും നടക്കും. 27ന് വൈകീട്ട് ശ്രീമദ് അധ്യാത്മാനന്ദ സരസ്വതി സ്വാമികളുടെ കാർമികത്വത്തിൽ മാതൃപൂജയും നടക്കും. വാർത്താസമ്മേളനത്തിൽ വിവേകാനന്ദാമൃത സ്വാമികൾ, ക്ഷേത്ര ട്രസ്റ്റ് ചെയർമാൻ സതീഷ്കുമാർ.ടി, ട്രസ്റ്റ് അംഗങ്ങളായ അശോകൻ മാസ്റ്റർ.കെ, മനോജ്കുമാർ, ജീവാനന്ദ്, ശ്രീധരൻ നായർ മൂഴിക്കുന്ന് എന്നിവർ സംബന്ധിച്ചു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.